VII നിയമ നിർമ്മാണം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സമുദ്ര മൽസ്യ ബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്ക ണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

Shri Kanam Rajendran : Sir, I move that the Kerala Marine Fishing Regulation (Second Amendment) Bill, 1986 as reported by the Subject Committee be recommitted to the same Subject Committee.

സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ച് ചർച്ച ചെയ്യുന്ന സന്ദർഭ ത്തിൽ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യങ്ങളൊന്നും പരിഗണിക്കാതെ യാണ് സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഇപ്പോൾ അവതരിപ്പിച്ചി ട്ടുള്ളത്. അതുകൊണ്ട് നിയമവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ മാത്രമേ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുന്നുള്ളു. മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് നമ്മുടെ സംസ്ഥാനത്ത് 1980-ൽ നടപ്പിലാക്കുന്ന സന്ദർഭത്തിൽ അന്നു മുതൽ ഇന്നുവരെ ആ നിയമം ഫല പ്രദമായി എത്രകണ്ട് നടപ്പിലാക്കിയെന്നുള്ളതിന്റെ സൂചനയാണ് സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞ ഉദ്ദേശ കാരണങ്ങൾ. ആകെ രണ്ട് അപ്പീൽ മാത്രമേ വന്നുള്ളൂ. ആ വന്ന രണ്ട് അപ്പീലും നിശ്ചയി ച്ചിരുന്ന ജഡ്ജും തമ്മിൽ കൂടിക്കാണാൻ പ്രയാസമായിരുന്നതുകൊണ്ട് കേസിൻമേൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടായിപ്പോയി, അതുകൊണ്ട് ജില്ലാ കളക്ടർക്ക് ഈ അധികാരം കൊടുക്കണമെന്നാണ് ഉദ്ദേശകാരണ ങ്ങളുടെ വിവരണത്തിൽ പറഞ്ഞിരിക്കുന്നത്. സർ, ഒരു നിയമം ഉണ്ടാക്കുക മാത്രമല്ല, ആ നിയമം എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാമെന്നതിനെ ക്കുറിച്ച് കൂടി ആലോചിക്കേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് നിലവിൽ വന്നതുതന്നെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടേയും ആ മേഖലയിൽ പണിയെടുക്കുന്നവരുടേയും ദീർഘനാളിലെ നിവേദനങ്ങളുടെ ഫലമായിട്ടാണ്. 1980-ൽ ഈ ആക്ട് കൊണ്ടുവരികയും 1981-ൽ ബാബു പോൾ കമ്മിറ്റിയേയും 1984-ൽ കലാവർ കമ്മിറ്റിയേയും ഗവൺമെന്റുതന്നെ നിയമിക്കുകയും ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിക്കുകയും ചെയ്തു. കഴിഞ്ഞ വർഷങ്ങളിൽ മൽസ്യോല്പാദനത്തിലുണ്ടായ കുറവ് പരമ്പരാഗത മൽസ്യ തൊഴിലാളി മേഖലയെ വളരെയേറെ ബാധിക്കുകയും പരമ്പരാഗതമായി മൽസ്യം പിടിക്കലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ പട്ടിണിയിലേക്ക് നീങ്ങുകയും ചെയ്തു. 86 ശതമാനം തൊഴിലാളികൾക്ക് 60 ശതമാനം മൽസ്യസമ്പത്തും 14 ശതമാനത്തോളം വരുന്ന മറ്റുള്ളവർക്ക് 40 ശതമാനം മൽസ്യസമ്പത്തുമെന്നുള്ളതായിരുന്നു നമ്മുടെ സംസ്ഥാനത്തെ പൊതുവിലുള്ള നില. തൊഴിൽ മേഖലയിലുള്ള ഏറ്റവും കൂടുതൽ ആളുകൾ പണിയെ ടുക്കുന്ന മേഖലയിൽ അവർക്ക് കുറച്ചു മൽസ്യസമ്പത്ത് കിട്ടുകയും എന്നാൽ അതേസമയം വളരെയേറെ പരിഷ്കൃതമായ യന്ത്രങ്ങളുപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യബന്ധനം നടത്തുന്ന ആളുകൾക്ക് കൂടുതൽ സമ്പത്ത് ഉണ്ടാക്കാൻ കഴിയുകയും ചെയ്യുന്ന ഒരു സാഹചര്യം വന്നതിനെത്തുടർന്ന് പരമ്പരാഗത മൽസ്യത്തൊഴിലാളി മേഖലയിൽ വളരെയേറെ ദുരിതം അനുഭവിക്കേണ്ടി വന്നു. ഇൻഡ്യയിലൊട്ടാകെ കടലിൽ പോകുന്നവരിൽ 27 ശതമാനം നമ്മുടെ കേരളത്തിലാണ്. ഇത്രയധികം മൽസ്യത്തൊഴിലാളികളും പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ഈ സംസ്ഥാനത്ത് അവരെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നിയമനിർമ്മാണം വേണം. അതിനു തടസമായി നിൽക്കുന്ന ആധുനികമായ യന്ത്രവൽകൃത ഉപകരണങ്ങളും നിയന്ത്രിക്കാനും പരിമിതപ്പെടുത്താനുമാവശ്യമായ നടപടികളും സ്വീകരിക്കണമെന്നുള്ളതുകൊണ്ടാണ് 1980-ൽ ഇങ്ങനെ ഒരു ആക്ടിനു രൂപം നൽകിയത്. 1980-ൽ ഇങ്ങനെ ഒരു നിയമത്തിനു രൂപം കൊടുക്കുമ്പോഴും ഈ നിയമം ലംഘിക്കുന്ന ആളുകളെ കർശനമായി ശിക്ഷിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചില സംവിധാനങ്ങളെക്കുറിച്ച് പറഞ്ഞു. ഈ നിയമം ലംഘിക്കുന്നുണ്ടെങ്കിൽ അതായത് അതിർത്തിവിട്ട് പേഴ്സീൻ നെറ്റ് ഉപയോഗിക്കുന്നുണ്ടെങ്കിൽ അല്ലെങ്കിൽ ഈ നിയമത്തിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി യന്ത്രവൽക്കൃത ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാവശ്യമായിട്ടുള്ള ചില നടപടികളും പറഞ്ഞിരുന്നു. ഒരു ഡി. ഐ. ജി. യുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് ഉണ്ടാക്കി അവർക്ക് സ്പീഡ് ലോഞ്ചും മറ്റു സൗകര്യങ്ങളും കൊടുക്കുന്നതിനെക്കുറിച്ചെല്ലാം പറയുകയും നടപ്പിലാക്കുകയും ചെയ്തു. എന്നാൽ വളരെ പരിമിതമായ നടപടികൾ മാത്രമേ ഈ മേഖലയിൽ നാം സ്വീകരിച്ചിട്ടുള്ളൂ. ഇപ്പോഴും നമ്മുടെ സംസ്ഥാനത്തു നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ തീരപ്രദേശങ്ങളിൽ പേഴ്സീൻ നെറ്റ് ഉപയോഗിച്ചും അല്ലാതെയുമുള്ള യന്ത്രവൽക്കരണം നടക്കുന്നുണ്ട്. കർണ്ണാടകവും ഗോവയും കേരളവും ഒരുമിച്ചുനിന്ന് ഈ കാര്യത്തിൽ ചില തീരുമാനങ്ങളെടുക്കാതെ ഇന്നുള്ള നിയമംപോലും നമുക്ക് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയില്ല. കർണ്ണാടക സംസ്ഥാനവും ഗോവയും കേരളവും കൂടി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന്റെ പ്രാധാന്യം പരിഗണിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിൽ ഈ കാര്യത്തെക്കുറിച്ച് അറിയിക്കുകയും ചർച്ചചെയ്തു ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്യേണ്ടതു ഈ ഗവൺമെന്റിന്റെ ചുമതലയാണ്. എന്നാൽ അത്തരം നടപടികളൊന്നും ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽത്തന്നെ വിദേശ രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഫിഷിംഗ് വെസൽസ് വരുന്നുണ്ട്. അവയെ നിയന്ത്രിക്കുന്നതിനു ഗവൺമെന്റ് ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അസൗകര്യങ്ങൾ നീക്കാൻവേണ്ടി ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുമ്പോൾ ഫലപ്രദമായി എങ്ങനെ ഈ നിയമം നടപ്പിലാക്കുന്നു എന്നുകൂടി പരിശോധിക്കണം. അതിനു പരമ്പരാഗത വ്യവസായ മെഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി വളരെ കാര്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനം കാർഷിക പരിഷ്ക്കരണ നിയമം നടപ്പിലാക്കിയ സംസ്ഥാനമാണ്. 'കൃഷിഭൂമി കർഷകനു' എന്ന മുദ്രാവാക്യം നമ്മുടെ സംസ്ഥാനം മുന്നോട്ടു വയ്ക്കുകയുണ്ടായി. അതുപോലെതന്നെ മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവനേ മൽസ്യബന്ധന ഉപകരണങ്ങളുണ്ടാകാവൂ എന്നുള്ള ഒരു തീരുമാനമെടുക്കണം. കൃഷിഭൂമി കർഷകനു എന്നു പറഞ്ഞ് ഭൂമിയിൽ അദ്ധ്വാനിക്കുന്നവനു കൃഷിയുടെ അവകാശം കൊടുത്തുവെങ്കിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കേ മൽസ്യബന്ധന ഉപകരണങ്ങളുണ്ടാകാവൂ. മൽസ്യബന്ധനത്തിലിടപെടുന്നവർക്ക് ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിനുള്ള സൗകര്യം വേണമെന്നുള്ള നിലയിൽ ഒരു നിയമം കൊണ്ടുവരണം. ഇടത്തട്ടുകാരെ പരമാവധി ഒഴിവാക്കാനും അവരെ ഒഴിവാക്കിക്കൊണ്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് പരമാവധി സംരക്ഷണം കൊടുക്കുന്നതിനുംവേണ്ടിയുള്ള പല നടപടികളും 1980 മുതൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെ 1980-ൽ അധികാരത്തിലിരുന്ന ഗവൺമെന്റ് മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിക്കാനും പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാനും വേണ്ടി നടപടികളുമായി മുന്നോട്ടുവന്നെങ്കിൽ അതിനുശേഷം വന്ന ഈ ഗവൺമെന്റ് ആ കാര്യത്തിൽ കാര്യമായ പരിഗണന കാണിച്ചില്ല. 1981 മുതൽ പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും മോട്ടോറൈസേഷൻ അല്ലെങ്കിൽ യന്ത്രം വള്ളങ്ങളിൽ ഘടിപ്പിച്ച് മൽസ്യം പിടിക്കാൻ പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയുണ്ടായി. 1981 മുതൽ നാം മോട്ടോറൈസേഷൻ നടപ്പിലാക്കിയതിന്റെ ഫലമായി വിദഗ്ദ്ധൻമാരുടെ അഭിപ്രായത്തിൽ കാണുന്നത് ഇൻഡിസ്ക്രിമിനേറ്റ് ആയിട്ട് ഉള്ള മോട്ടോറൈസേഷൻ നടപ്പിലാക്കിയതിന്റെ ഫലമായി പരമ്പരാഗത മൽസ്യതൊഴിലാളികളുടെതന്നെ വരുമാനം കുറഞ്ഞിട്ടുണ്ടെന്നാണ്. അതിനെക്കുറിച്ച് തർക്കമുള്ള കാര്യമാണ്. അങ്ങനെയാണെങ്കിൽ അവർക്ക് ഈ സൗകര്യങ്ങൾ നൽകുന്നതോടൊപ്പം അവരുടെ വരുമാനം കുറയാതെ പദ്ധതികളെ സംബന്ധിച്ചിടത്തോളം ഒരു ഇവാല്യൂവേഷൻ നടത്തുന്നത് വളരെയേറെ ആവശ്യമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട പല നടപടികളും സ്വീകരിക്കേണ്ടതിനുപകരം, ഇതുപോലെ ഒരു ഭേദഗതിയുമായി വന്നതുകൊണ്ടു മാത്രം , ഈ പ്രശ്നങ്ങൾ പരിഹരിക്കുകയില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇവിടെതന്നെ ലാ ആൻഡ് ഓർഡർ പ്രശ്നങ്ങളുണ്ടാകുന്നു എന്നു പറഞ്ഞു. പേഴ്സീൻ നെറ്റിന്റെ ഉടമകളും അല്ലെങ്കിൽ അതിൽ പണിയെടുക്കുന്ന ആളുകളും പരമ്പരാഗത മൽസ്യത്തൊഴിലാളികളും തമ്മിൽ കടലോരപ്രദേശങ്ങളിൽ നിരന്തരമായ സംഘട്ടനങ്ങളും മറ്റും ഉണ്ടാകാറുണ്ട്. അങ്ങനെ സംഘട്ടനങ്ങളും മറ്റുമുണ്ടാകുമ്പോൾ അതിന്റെ ലാ ആൻഡ് ഓർഡറിന്റെ ഉത്തരവാദിത്വമുള്ളത് ജില്ലാ കളക്ടർക്കാണ്. ലാ ആൻഡ് ഓർഡറിന്റെ ഉത്തരവാദിത്വമുള്ള അതേ ജില്ലാകളക്ടർ തന്നെ ഇതിനെത്തുടർന്ന് പിടിച്ചെടുക്കുകയും ഫൈനാടുകയുമൊക്കെ ചെയ്തു കഴിഞ്ഞതിനുശേഷം അതിന്റെ അപ്പീൽ കേൾക്കുന്നതിന് അധികാരിയായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെ ചുമതലപ്പെടുത്തുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് കുറെയേറെ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതു ശരിയാണ്. രണ്ടു കേസ് കേൾക്കുന്നതിനുവേണ്ടി മൂന്ന് ആളുകളെ നിയമിച്ച് അവർക്കുവേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും വളരെക്കൂടുതൽ പണം ചെലവഴിച്ചു എന്നു പറയുന്നത് ശരിയാണ്. അങ്ങനെ പണം ലാഭിക്കുന്നതിന് ഉപയോഗിക്കാമെങ്കിലും സംസ്ഥാനത്ത് ജില്ലാ കളക്ടർക്ക് ഇല്ലാത്ത ജോലിയൊന്നുമില്ല. എല്ലാ ജോലികളും ചെയ്യുന്നത് ജില്ലാകളക്ടർമാരാണ്. അവർക്കുതന്നെ ഈ അധികാരങ്ങൾ ഇപ്പോൾ കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുകയാണ്.

ഇപ്പോൾ തന്നെ ഈ അധികാരങ്ങളും കൊടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. അങ്ങനെ അധികാരങ്ങൾ കൊടുക്കുമ്പോൾ തന്നെ, ഇപ്പോൾ പല കുഴപ്പങ്ങളും ഈ നിയമത്തിനുള്ളിൽ തന്നെ കാണാൻ കഴിയും. ഇന്ന്, ഈ നിയമമനുസരിച്ച് പിഴ ഈടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ തന്നെ അപ്പീൽ കേൾക്കുന്നതിനുള്ള സൗകര്യം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

18-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് (എ) അനുസരിച്ച് അപ്പീൽ തീരുമാനം എടുത്തുകഴിഞ്ഞാൽ അപ്പീൽ തീരുമാനം എടുക്കുന്നതിനു മുൻപ് പാർട്ടി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക കളക്ടർ തീരുമാനിക്കുന്ന തുകയേക്കാൾ കൂടുതലാണെങ്കിൽ ആ അധികമുള്ള തുക പാർട്ടിക്ക് തിരിച്ചു കൊടുക്കാൻ പറയുന്നുണ്ട്. അതുപോലെ തന്നെ ജില്ലാകളക്ടർ അപ്പീൽ കേട്ടതിനുശേഷം ഓർഡർ റദ്ദാക്കുകയാണെങ്കിൽ അപ്പീലിന്റെ സമയത്ത് പാർട്ടി അടച്ചിട്ടുള്ള മുഴുവൻ തുകയും പാർട്ടിക്ക് തിരിച്ചുകൊടുക്കണം. എന്നാൽ സബ്-സെക്ഷൻ (2)ലെ പ്രോവിസോ അനുസരിച്ച് കളക്ടർ അപ്പീൽ കേൾക്കുന്നതിന് മുൻപായി പിഴ അടയ്ക്കുന്നതിൽ നിന്നും അപ്പീൽകാരനു വളരെയേറെ ബുദ്ധിമുട്ടുകളുണ്ടെന്നു ബോദ്ധ്യമായാൽ അയാളെ പിഴയിൽ നിന്നും ഒഴിവാക്കാം. അങ്ങനെ ഒഴിവാക്കപ്പെടുന്ന ഒരാളിന്റെ കേസ് വിധിച്ചു എന്നിരിക്കട്ടെ, ആ കേസ് വിധിച്ചു കഴിഞ്ഞാൽ നിർബന്ധമായും അല്ലെങ്കിൽ നേരത്തെയുള്ള ശിക്ഷ കളക്ടർ ശരിവയ്ക്കുകയാണെങ്കിൽ അയാളുടെ കൈയിൽ നിന്നും, പിഴ ഈടാക്കുന്നതിനുള്ള വകുപ്പ് ഇതിനകത്തില്ല. സാധാരണഗതിയിൽ ഏത് അപ്പീൽ കേൾക്കുന്നതിനും പിഴ അടച്ചുകഴിഞ്ഞാൽ മാത്രമേ അപ്പീൽ കേൾക്കാനാവൂ എന്നാണ് പറയുന്നത്. സെയിൽസ് ടാക്സിലാണെങ്കിലും അതുപോലെ തന്നെ മറേതെങ്കിലും ആണെങ്കിലും അപ്പീൽ കേൾക്കണമെങ്കിൽ പിഴ അടയ്ക്കണം. പിഴ അടച്ചതിനുശേഷമാണ് അപ്പീൽ കേൾക്കുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ തീയതികളിൽ വ്യത്യാസം ഉണ്ടെന്നോ, നിശ്ചിത തീയതിക്കകം ആപ്ലിക്കേഷൻ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലോ അതല്ലെങ്കിൽ പിഴ അടയ്ക്കാൻ അയാൾക്ക് കഴിവില്ലെന്ന് കളക്ടർക്ക് ബോദ്ധ്യപ്പെട്ടാൽ പിഴ അടയ്ക്കാതെ തന്നെ അപ്പീൽ കേൾക്കാനുള്ള അധികാരം കളക്ടർക്ക് കൊടുക്കുന്നുണ്ട്. അങ്ങനെ പിഴ ഈടാക്കാതെ അപ്പീൽ കേൾക്കുന്ന ഒരാളിന് നേരത്തെയുള്ള ശിക്ഷ ശരിവയ്ക്കുകയാണെങ്കിൽ അതാണ് കളക്ടർ ചെയ്യുന്നതെങ്കിൽ ഇന്ന് ഈ നിയമം അനുസരിച്ച് പിഴ ഈടാക്കാൻ ഈ നിയമത്തിൽ ഒരിടത്തും വകുപ്പില്ല. മൂലനിയമത്തിലും ഇല്ല. ഈ നിയമം അനുസരിച്ച് അയാളുടെ കൈയ്യിൽ നിന്നും പണം ഈടാക്കുന്നതിനുള്ള യാതൊരു അധികാരങ്ങളും ജില്ലാ കളക്ടർക്ക് ഉണ്ടായിരുന്നതല്ല. നിയമത്തിന്റെ ദ്വേഷ്ടിയിൽ അയാൾ ആ പണം കൊടുക്കാൻ ബാദ്ധ്യസ്ഥനല്ല എന്നാണ് ഈ നിയമം അനുസരിച്ചുവരുന്നത്. നിയമപരമായി കളക്ടറെ ഏല്പിക്കാൻ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയിൽ അപാകതകളുണ്ട്. മറെറാരു കാര്യം, പിഴ അടയ്ക്കാതെ അപ്പീൽ കേൾക്കാൻ പാടില്ലെന്നുള്ളത് ഒരു പൊതു തത്വമാണ്. എങ്കിലും പിഴ അടയ്ക്കാതെ തന്നെ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഇവിടെ കളക്ടർക്ക് കൊടുത്തിരിക്കുകയാണ്. വളരെ വേഗത്തിൽ തീരുമാനം എടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയിൽപ്പോലും വളരെയേറെ പഴുതുകളുണ്ട്. അത് 'ക്ലാസ് ബൈ ക്ലാസ്' ചർച്ചയിൽ ഉന്നയിക്കാമെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാകണം. നിയമം ഫലപ്രദമായി നടപ്പിലാക്കിയാൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയൂ. അതിനുള്ള നടപടികളും സ്വീകരിക്കാതെ കുറെക്കാരെ കണ്ടുപിടിക്കാനും അവരുടെ മേൽ കേസ് എടുക്കുവാനുമുള്ള നടപടികളും സ്വീകരിക്കാതെ ഫലപ്രദമായി ഈ രംഗത്ത് പ്രവർത്തിക്കുവാൻ കഴിയുകയില്ല. അതിനു വേണ്ടി ഗവൺമെൻറ് അടിയന്തിരമായി ശ്രദ്ധചെലുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കേശവൻ : സർ, സബ്ജക്ററ് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1936-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേററ് ചെയ്യണമെന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, 1930-ലെ ഇതേ നിയമത്തിൽ അത്യാവശ്യം വരുത്തേണ്ട ചില ഭേഗതികളും ഉദ്ദേശിച്ചുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. അതിനെക്കുറിച്ച് പറയുമ്പോൾ ഈ നിയമം നടപ്പിലാക്കാൻ ബാദ്ധ്യത പ്പെട്ടയാൾ, പ്രത്യേകിച്ച് രൂപീകരിക്കുന്ന അപ്പലേററ് ബോർഡ് ആ-അപ്പലേററ് ബോർഡിനകത്ത് 3 അംഗങ്ങൾ ഉണ്ടായിരിക്കുന്നു. ജഡ്ജിയോ അല്ലെങ്കിൽ റിട്ടയേർഡ് ജഡ്ജിയോ ഉൾപ്പെടെയുള്ള ആളുകൾ ഉൾപ്പെടുന്ന 3 പേർ ഉള്ള ഒരു അപ്പലേററ് ബോർഡ് ഇതിലേക്ക് ഉണ്ടായിരുന്നു. ആ ബോർഡ് ഉണ്ടായിരുന്ന കാലത്തിനുള്ളിൽ നടത്തിയ പ്രവർത്തനങ്ങളും ഇതിനകത്ത് പ്രതിപാദിക്കുന്നുണ്ട്. ആ കാലയളവിനുള്ളിൽ ആകെ കേട്ടത് 2 കേസ്സുകളുടെ അപ്പീൽ മാത്രമാണ്. ആ 2 അപ്പീലുകൾ കേൾക്കുന്നതിനുവേണ്ടി സർക്കാരിന് ചെലവാക്കേണ്ടി വന്നത് 2 ലക്ഷത്തിലേറെ രൂപയുമാണ്. മൽസ്യത്തൊഴിലാളികൾക്ക് ക്ഷേമം ഉണ്ടാക്കാൻവേണ്ടി കടലിൽപോയി മൽസ്യ ബന്ധനം നടത്തി, ഉപജീവനം നടത്തുന്ന ആളുകളെ വൻകിട മൽസ്യ ബന്ധന വ്യവസായികളായിട്ടുള്ള കുറേ ആളുകൾ യന്ത്രവൽക്കൃത ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് പലപ്പോഴും ഉപദ്രവിക്കുന്നതിന് എതിരേ ഉണ്ടാക്കി യിട്ടുള്ള ഈ നിയമത്തെ ഏതെല്ലാം വിധത്തിൽ ആ നിയമത്തിനകത്ത് ലൂപ്ഹോൾസ് കണ്ടുപിടിച്ച് തങ്ങൾക്ക് അനുകൂലമാക്കാൻ കഴിയുമോ എന്നുള്ളതാണ് ആലോചിക്കുന്നവരാണ്. ഇതെല്ലാം ചെയ്യുന്നത് നമ്മുടെ രാജ്യത്തെ വൻകിട വ്യവസായികൾ ആയിട്ടുള്ള ആളുകൾ-അത്തരം ആളുകൾക്ക് ഈ നിയമത്തിനകത്ത് കുറേ വ്യവസ്ഥകൾ അനുകൂലമായിട്ടുണ്ട്. ആ അനുകൂല മായിട്ടുള്ള വ്യവസ്ഥകൾ നമ്മുടെ മൽസ്യത്തൊഴിലാളികൾക്ക് ദോഷമുണ്ടാക്കു മെന്നുള്ളതുകൊണ്ട് അത് മാററി. ഈ 3 പേരുള്ള അപ്പലേററ് ബോർഡിനു പകരം ഈ അധികാരം ജില്ലാ കളക്ടർക്ക് കൊടുക്കണമെന്നാണ് ഇതിനകത്ത് അനുശാസിക്കുന്നത്. ഇങ്ങനെയുള്ള ഈ അധികാരം ജില്ലാ കളക്ടർക്ക് കൊടുക്കുന്നതുകൊണ്ട് പിശക് ഒന്നുമില്ല. ശ്രീ. കാനം രാജേന്ദ്രൻ ചൂണ്ടി ക്കാണിച്ചതുപോലെ ധാരാളം ചുമതലകളുള്ള ജില്ലാ കളക്ടർക്ക് ഇതിനു കൂടി അധികാരം വന്നാൽ നമ്മുടെ ഈ മൽസ്യബന്ധന സീസണിൽ കടലിൽ മൽസ്യബന്ധനം നടക്കുമ്പോൾ കടലോരങ്ങളിൽ ഉണ്ടാകാവുന്ന സംഘട്ടനങ്ങൾ ചെറുതൊന്നുമല്ല. കാസർകോട് മുതൽ തെക്കേയററം പാറശ്ശാല വരെയുള്ള പ്രദേശങ്ങളിലുള്ള കായലോരത്തും കടലോരത്തും മൽസ്യബന്ധന സീസൺ സമയത്ത് ഉണ്ടാകുന്ന വഴക്കുകളും സംഘട്ടനങ്ങളും കൊള്ളയുമൊന്നും ചെറുതല്ല. പലപ്പോഴും നമ്മുടെ നിയമസമാധാനപാലകൻമാർക്കുപോലും നിയന്ത്രിക്കാൻ കഴിയാത്ത വിധത്തിൽ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം സന്ദർഭ ങ്ങളിൽ ഈ പ്രദേശങ്ങളിലെ കാര്യങ്ങൾ മററ് കാര്യങ്ങളൊക്കെപ്പോലെ ഓടിയെത്തി പരിശോധിക്കാനും തീരുമാനം എടുക്കാനും ധാരാളം ജോലികളുള്ള ജില്ലാ കളക്ടർക്ക് കഴിയുമോയെന്ന് സംശയമുണ്ട്. എന്നാലും 3 പേരുള്ള അപ്പലേററ് ബോർഡ് ഒന്നും ചെയ്യാതിരിക്കുന്നതിനെക്കാൾ ഭേദം ആയിരി ക്കുകയില്ലേ ജില്ലാ കളക്ടർ എന്ന് എനിക്ക് തോന്നുകയാണ്. ഈ നിയമ സമാധാനത്തെക്കുറിച്ച് പറയുമ്പോൾ ഇതുമായി ബന്ധപ്പെടുത്തി ക്കൊണ്ട് ഒരു കാര്യം പറയട്ടെ, നമ്മുടെ മൽസ്യത്തൊഴിലാളികൾക്ക് അവർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു ചെറിയ തോതിലെങ്കിലും പരിഹാരമുണ്ടാക്കാൻവേണ്ടി ഏർപ്പെടുത്തിയ മൽസ്യത്തൊഴിലാളികൾക്കു വേണ്ടിയുള്ള ബസ്സുകൾ ഉണ്ട്. ആ ബസ്സിൽ മൽസ്യം കൊണ്ടുപോയ

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികളെ ഒരിടത്തുവച്ച് ചില നാടൻ ഗൂണ്ടകളും ചേർന്ന് ആ ബസ്സിലെ ജീവനക്കാരെ ആക്രമിച്ചു. അതിന്റെ ഫലമായി ആ മൂന്നു ബസ്സിൽ ഉണ്ടായിരുന്ന 24-ഓളം മൽസ്യത്തൊഴിലാളി സ്ത്രീകളുടെ ഒരു ദിവസത്തെ മൽസ്യം മുഴുവൻ വിൽക്കാൻ കഴിഞ്ഞില്ല. അത് മുഴുവനും ചീഞ്ഞുപോയി. അവർ ആ മൽസ്യവുമായി തിരിയെ വന്നിട്ട് വൈക്കം പട്ടണത്തിൽ പ്രകടനം നടത്തി. ഇത് ആരോട് പറയാൻ? അങ്ങനെ ആക്രമണം നടത്തിയാൽ അവർക്ക് വേണ്ടത്ര സംരക്ഷണം കൊടുക്കുന്നതിന് ഇന്ന് വേണ്ടത്ര നിയമമില്ല, അത് ഉണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും അവർക്ക് സംരക്ഷണം കൊടുക്കാൻ ആളില്ലാതിരുന്നതിന്റെ ഫലമായി 24 സ്ത്രീകൾക്ക് അവരുടെ ഒറ്റ ദിവസത്തെ മുഴുവൻ അധ്വാനവും നഷ്ടപ്പെടേണ്ടി വന്നു. മാത്രമല്ല വമ്പിച്ച ധനനഷ്ടം വേറെയും ഉണ്ടായി. അതുകൊണ്ട് ഇവർക്ക് സംരക്ഷണം കൊടുക്കാനുള്ള വ്യവസ്ഥകൂടി ഇതിനകത്ത് ഉണ്ടാകണം. മറെറാന്ന് ഈ മൽസ്യബന്ധന വ്യവസായ രംഗത്ത് ഇപ്പോഴും കുത്തകക്കാരുടെ ആധിപത്യം നിലനിൽക്കുകയാണ്. നമ്മൾ എന്തെല്ലാം നിയമങ്ങൾ കൊണ്ടുവന്നാലും ആ നിയമത്തിന് അകത്തുള്ള പോരായ്മകൾ കണ്ടുപിടിച്ച് അവിടെ ഇനിയും സുഖമായി വാഴണമെന്ന് വിചാരിക്കുന്ന ചെമ്പൻകുഞ്ഞുമാർ ഇപ്പോഴും അവിടെയുണ്ട്. പ്രത്യേകിച്ചും നമ്മുടെ കടലോര പ്രദേശങ്ങളിൽ അതുകൊണ്ട് ഈ ചെമ്പൻകുഞ്ഞുമാരുടെ കൈകളിൽനിന്നും ഈ മൽസ്യത്തൊഴിലാളികളെയും അവരുടെ ജീവിതത്തെയും രക്ഷപ്പെടുത്താൻവേണ്ടി നിയമത്തിനകത്ത് വിസ്തൃതമായിട്ടുള്ള മാറ്റം വരുത്തുകയും കാലാനുസൃതമായി ഈ മൽസ്യത്തൊഴിലാളികൾക്ക് പ്രയോജന മുണ്ടാക്കത്തക്ക നടപടികളും സ്വീകരിക്കുകയും വേണം. ഇവിടെ രണ്ട് കമ്മീഷനുകൾ പരിശോധിച്ച കാര്യത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ആ പരിശോധിച്ച കമ്മിഷനുകളുടെ റിപ്പോർട്ടുകൾ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എങ്ങനെ പ്രയോജനപ്പെടുത്താം എന്നുള്ളതിനെക്കുറിച്ച് എനിക്കറിയില്ല. ഏതായാലും അതിനെക്കുറിച്ച് ആലോചിച്ച് മൽസ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന തരത്തിലുള്ള നടപടികൾകൂടി നിയമത്തിൽ വരുത്തേണ്ടതായിട്ടുണ്ട്. മറെറാരു കാര്യം എനിക്ക് ഓർമ്മപ്പെടുത്താനുണ്ട്. നമ്മുടെ മൽസ്യസമ്പത്ത് ചൂഷണം ചെയ്ത് കൂടുതൽ സമ്പത്ത് ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്ന ന്യൂനപക്ഷം ആളുകൾ ഒരു ഭാഗവും, ലക്ഷക്കണക്കിന് വരുന്ന മൽസ്യ തൊഴിലാളികൾ, അന്നന്ന്, അത്താഴത്തിനുള്ള വക ഇതിൽനിന്നുമാത്രം കണ്ടുപിടിക്കുന്ന മൽസ്യത്തൊഴിലാളികൾ മറെറാരു ഭാഗവുമാണ്. അവർ തമ്മിൽ എക്കാലവും ഏറ്റുമുട്ടലുകൾ ഉണ്ടാകുന്നു. അതിന്റെ ആനുകൂല്യം പലപ്പോഴും സമ്പന്നൻമാർക്കുവേണ്ടിമാത്രം ലഭിക്കുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ഈ നിയമം പരിശോധിക്കുമ്പോൾ സൂക്ഷ്മമായി മൽസ്യ തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിയമങ്ങളും ഭേദഗതികളും കൊണ്ടുവന്ന് ഈ നിയമം ഫലപ്രദമാക്കണമെന്നാണ് ഞാൻ എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ടി. എസ്. ജോൺ: സർ, ഈ നിയമത്തെ ഞാൻ അനുകൂലി
9 a. m.] ക്കുന്നു. ഓഫീസറുടെ തീരുമാനത്തിൻമേൽ അപ്പീൽ ബോധിപ്പിക്കാനുള്ള അധികാരം മുമ്പ് ബോർഡിനായിരുന്നു. അത് ഇപ്പോൾ അപ്പലേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിനുപകരം അഡ്ജൂഡിക്കേഷൻ ഓഫീസറുടെ തീരുമാനത്തിൻമേൽ അപ്പീൽ ബോധിപ്പിക്കാനുള്ള അധികാരം കളക്ടർക്ക് കൊടുക്കുന്നതിനുള്ള ഒരു നിയമമാണ്. ഒരു വർഷം രണ്ടു ലക്ഷത്തോളം രൂപ നമ്മുടെ

9 A .M.] സംസ്ഥാനഗവൺമെൻറിന് 2 കേസ് നടത്തുന്നതിനുവേണ്ടി ചെലവായി എന്ന് കണ്ടുകൊണ്ട് ആ അധിക ചെലവ് ഒഴിവാക്കാനും എത്രയുംവേഗം തീരുമാനം ഇതിൻമേൽ എടുപ്പിക്കാനും വേണ്ടിയാണ് ഇത് കളക്ടർക്ക് കൊടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഈ നിയമം കൊണ്ടുവന്നത്. മൂന്നു ബോർഡ് മെമ്പർമാർകൂടി തീരുമാനിക്കുന്നതിനേക്കാൾ എത്രയോ എളുപ്പമാണ് ഒരു കളക്ടർ ഈ പ്രശ്നത്തിൻമേൽ തീരുമാനം എടുക്കുന്നത്. അതുകൊണ്ട് അത് നല്ല കാര്യമായിട്ടാണ് ഞാൻ കാണുന്നത്. സംസ്ഥാന ഗവൺമെൻറിന് ലാഭവുമാണ്.

മൽസ്യത്തൊഴിലാളി രംഗത്ത് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ള സേവനങ്ങൾ യഥാർത്ഥത്തിൽ മറെറാരു ഗവൺമെൻറിൻെറ കാലത്തും ഉണ്ടായിട്ടുള്ളതിനേക്കാൾ കൂടുതലാണെന്ന് നമുക്ക് ഇതിൻെറ പ്രവർത്തനങ്ങൾ നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. മൽസ്യഫെഡ് രൂപം കൊടുത്തതിൻെറ പ്രധാനമായ കാരണം മൽസ്യത്തൊഴിലാളി രംഗത്ത് പ്രവർത്തിക്കുന്ന പല സഹകരണ സംഘങ്ങളായിരുന്നു. കേരള ഫിഷറീസ് കോർപ്പറേഷൻ, കേരള മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ഉൾനാടൻ, മൽസ്യ വികസന കോർപ്പറേഷൻ എന്നീ മൂന്ന് കോർപ്പറേഷനുകൾ മൽസ്യ തൊഴിലാളി രംഗത്ത് ചെയ്തുവന്നിരുന്ന പ്രവർത്തനങ്ങൾ വിജയകരമായിരുന്നില്ല. അതിന് ശരിയായ ഫലം കാഴ്ചവയ്ക്കാൻ കഴിഞ്ഞില്ല എന്ന് ബോദ്ധ്യം വന്നതുകൊണ്ടാണ് മൽസ്യഫെഡിന് 1984-ൽ രൂപം കൊടുക്കുകയും അങ്ങനെ ഒരു ഫെഡറേഷനുണ്ടാക്കി. മൽസ്യത്തൊഴിലാളികളുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ ഗവൺമെൻറ് തീരുമാനിക്കുകയും ചെയ്തത്. ഏതാണ്ട് 85 കോടി രൂപയോളം അടുത്ത അഞ്ചു വർഷത്തിനകം മൽസ്യത്തൊഴിലാളി രംഗത്ത് ചെലവഴിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഗവൺമെൻറ് ഇതിന് രൂപം കൊടുത്ത് പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ വർഷംതന്നെ നാനൂറ്റി ഇരുപത്തിയേഴ് ലക്ഷം രൂപയാണ് മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ചെലവഴിക്കുന്നതിനുവേണ്ടി ഗവൺമെൻറ് തീരുമാനിച്ചത്. മൽസ്യ ഫെഡ്ഡിലൂടെതന്നെ ഇതിൽ ഇരുനൂറ്റി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ ചെലവാക്കാൻ ഗവൺമെൻറ് തീരുമാനിച്ചു. കഴിഞ്ഞ വർഷം 25 ടൺ വലയുടെ വിതരണം ഈ ഗവൺമെൻറ് നടത്തി. യഥാർത്ഥത്തിൽ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. 90 വള്ളങ്ങൾ വിതരണം ചെയ്തു. 100 ഔട്ട് ബോർഡ് മോട്ടോറുകൾ വിതരണം ചെയ്തു. അങ്ങനെ വിതരണം ചെയ്യുന്നതിന് കഴിഞ്ഞ വർഷം ഈ ഗവൺമെൻറിന് കഴിഞ്ഞുവെന്ന് കണക്കുകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ വർഷം, പേമാരിയുടെയും വെള്ളപ്പൊക്കത്തിൻെറയും കാലഘട്ടത്തിൽ യഥാർത്ഥത്തിൽ വാട്ടർ റിലീഫ് വർക്കായിട്ടാണ് നാനൂറ്റി ഇരുപത്തിയേഴ് ലക്ഷം രൂപ ഈ ഗ്രാമങ്ങളിൽ ചെലവഴിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞത്. അതുപോലെതന്നെ മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പരിശീലനം നൽകിക്കൊണ്ട് കൂടുതൽ തൊഴിൽ കൊടുക്കാനുള്ള സാരംഭങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെൻറ് ശ്രമിച്ചുവരുന്നു. സി.ഐ.എഫ്.ടി.യുടെ ആഭിമുഖ്യത്തിൽ മീൻ അച്ചാർ, കട്ലറ് മുതലായവ ഉണ്ടാക്കുന്നതിനുവേണ്ടി മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പരിശീലനം കൊടുത്തുവരികയാണ്. അങ്ങനെ മൽസ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമവും ഗവൺമെൻറ് നടത്തിവരുന്നുണ്ട്. അതുപോലെതന്നെ മൽസ്യത്തൊഴിലാളികൾക്ക് ധന

LIBRARY ARCHIVES Kerala Legislative Assembly

സഹായം ചെയ്യുക, സ്ത്രീകൾക്കുമാത്രമല്ല എല്ലാവർക്കും തൊഴിലവസരങ്ങൾ ഉണ്ടാക്കുക, ഫിഷറീസ് റോഡുകൾ എന്നുള്ള രീതിയിൽ റോഡ് നിർമ്മാണം നടത്തുക. ഇതെല്ലാം മൽസ്യ ഫെഡ്ഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനു വേണ്ടി ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. നൈലോൺ വലകളുടെ വിതരണം, നാടൻ വള്ളങ്ങളും ഫൈബർ ഗ്ലാസ് ബോട്ടുകളും നൽകുക, ഔട്ട് ബോർഡ് മോട്ടോറുകളുടെ വിതരണം, ബിച്ച് ലാൻറിംഗ് ക്രാഫ്റ്റ് നൽകുക, മൽസ്യ കൃഷിയിടങ്ങളിൽ അറകുറ്റപ്പണികൾ ചെയ്യുക, മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക, മൽസ്യ തൊഴിലാളി സ്ത്രീകൾക്കും മറ്റും തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ഒതൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാക്കിക്കൊടുക്കുക. വനിതാ ബസ് സർവ്വീസുകൾ ഉണ്ടാക്കുക എന്നിവ യഥാർത്ഥത്തിൽ മൽസ്യ ഫെഡിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൽസ്യ തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റുൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുക, അങ്ങനെ മൽസ്യത്തൊഴിലാളികളുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട് എന്ന് കഴിഞ്ഞ 3-4 വർഷക്കാലത്തെ പ്രവർത്തനങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് നമ്മൾ വിഭാവനം ചെയ്ത രീതിയിലുള്ള മുഴുവൻ ആനുകൂല്യങ്ങളും മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ കഴിഞ്ഞോ എന്ന് ചോദിച്ചാൽ ഇല്ല. അതുപോലെതന്നെ മൽസ്യം പിടിക്കുന്ന കാര്യത്തിൽ, മൽസ്യബന്ധന രംഗത്ത് വളരെക്കൂടുതൽ വിജയിച്ചിട്ടുണ്ടോ ? നമ്മൾ ഉദ്ദേശിച്ച രീതിയിൽ വിജയിച്ചിട്ടുണ്ടോയെന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്. കരയിൽനിന്ന് 50 കിലോ മീറ്റർ ദൂരത്തുനിന്നുമാത്രമാണ് മൽസ്യം പിടിച്ചെടുക്കാൻ കഴിയുന്നത്. 2500 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള കടലിൽനിന്നും പ്രതിവർഷം പത്തു ലക്ഷം ടൺ മൽസ്യം നമുക്ക് പിടിച്ചെടുക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പക്ഷെ ഈ രംഗത്ത് കൂടുതലായി മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്നു മാത്രമെ ഇത്തരത്തിൽ പറയാനുള്ളു. ഈ നിയമം യഥാർത്ഥത്തിൽ ഗവൺമെന്റിനു ലാഭമുണ്ടാക്കാനും തീരുമാനങ്ങൾ എളുപ്പമുണ്ടാക്കാനും അതു വഴി പിഴ എത്രയുംവേഗം ഈടാക്കാനും കഴിയുന്ന ഒന്നാണ്. ശ്രീ. കാനം രാജേന്ദ്രൻ സംസാരിച്ചപ്പോൾ പറഞ്ഞു കളക്ടർ കൂടുതൽ തുക ഈടാക്കണമെന്നു തീരുമാനിച്ചാൽ അത് പിരിച്ചെടുക്കാനുള്ള നിയമം ഇതിനകത്തില്ല എന്ന്. മൂലനിയമത്തിൽ അത് ഉണ്ട്. പിഴ അപ്പലേറ്റ് ബോഡി നിയോഗിച്ചാൽ (അപ്പലേറ്റ് ബോഡി കളക്ടറാണ്). ആ പിഴ ഈടാക്കാനുള്ള വ്യവസ്ഥ മൂല നിയമത്തിലുണ്ട്. ആ നിലക്ക് ഇതിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ നിയമത്തെ അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 1980-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിന്റെ 18-ാമത്തെ വകുപ്പിന് ഒരു ഭേദഗതിയാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 18-ാമത്തെ വകുപ്പിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് :

The Appellate Board shall consist of three members of whom one shall be a person who is or has been a District Judge, who shall be appointed as the Chairman of the Appellate Board എന്നത് മാറ്റി ഡിസ്ട്രിക്ട് കളക്ടർക്ക് അധികാരം നൽകത്തക്ക വിധത്തിലുള്ള ഒരു ഭേദഗതിയാണ് ഈ ആക്ടിൽ കൊണ്ടുവരാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതുകൊണ്ട് സമുദ്ര മൽസ്യബന്ധന നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുമെന്ന് നമുക്ക് വിശ്വസിക്കാൻ സാധിക്കുകയില്ല. കാരണം കളക്ടർമാർക്കാണെങ്കിൽ ഇന്ന് ഭരിച്ച ഉത്തരവാദിത്വമുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന എല്ലാ കമ്മിറ്റികളുടെയും ചെയർമാൻമാർ കളക്ടറാണ്. കളക്ടറുടെ ഓരോ ദിവസത്തെയും പരിപാടി എം. എൽ. എ. മാർക്ക് അയച്ചുതരുന്നതും വായിച്ച് നോക്കിയാൽ അവർക്ക് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കാനുള്ള സമയം പോലും കിട്ടുന്നില്ലെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കും. ഈ വസ്തുത ഇരിക്കുമ്പോഴാണ് കളക്ടർക്ക് പുതിയ ഒരു അധികാരംകൂടി ഏല്പിച്ചുകൊടുത്തിട്ടുള്ളത്.

ശ്രീ. ടി. എസ്. ജോൺ : കളക്ടർക്ക് സമയമില്ലെന്നാണ് പറയുന്നത്. മൊത്തം സ്റ്റേറ്റിന് വൈഡായിട്ട് കഴിഞ്ഞ ഒരു വർഷം 2 കേസ്സുകളാണ് ഉണ്ടായിട്ടുള്ളത്. സ്റ്റേറ്റിന് വൈഡായിട്ട് 1984-ൽ രൂപീകരിച്ചശേഷം 2 കേസ്സുകളാണ് ഉണ്ടായിട്ടുള്ളത്. 14 കളക്ടർമാർക്കും കൂടെ 2 കേസ്സ് സെറ്റിൽ ചെയ്യാൻ സമയമില്ലെന്നാണ് പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : രണ്ട് കേസ്സുകളും മാത്രമായി പോയത് കളക്ടർമാരുടെയും ഇതിന്റെ ബോർഡിന്റെയും കുറ്റം കൊണ്ടല്ല. നിങ്ങളുടെ കൊള്ളരുതാത്ത ഭരണം കൊണ്ടാണ് കേസ് രണ്ടായിപ്പോയത്. ഈ കേസ് കണ്ടുപിടിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ ? കടലിൽ മൽസ്യബന്ധന നൗകകളും ഉപയോഗിച്ചുകൊണ്ടാണ് അനധികൃതമായി മൽസ്യബന്ധനം നടത്തിക്കൊണ്ടിരിക്കുന്നത്. കടലിൽ പോയിത്തന്നെ അതിനെ പിടിക്കണം.

ശ്രീ. ടി. എസ്. ജോൺ : കേസ് രണ്ടെന്നല്ല പറഞ്ഞത്. അപ്പീൽ കേസ്സുകളും രണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അപ്പീൽ കേസ്സുകളും തന്നെ രണ്ടെണ്ണം മാത്രമേ വന്നിട്ടുള്ളു. പിടിച്ചെടുത്ത കേസ്സുകളും വളരെ ചുരുക്കമാണ്. മൽസ്യബന്ധന നൗകകളും ഉപയോഗിച്ച് അനധികൃതമായി മൽസ്യബന്ധനം നടത്തുന്ന ബോട്ടുകളും പിടിച്ചെടുക്കാൻ ഫലപ്രദമായ സംവിധാനം ഇല്ലെന്നാണ് ഞാൻ പറയുന്നത്. ഇവിടെ ആഴക്കടലിൽ പോയി അനധികൃതമായി മൽസ്യബന്ധനം നടത്തുന്നവരെ പിടിക്കണമെങ്കിൽ പോലീസ് ജീപ്പ് കൊണ്ട് സാധിക്കുകയില്ല. ബോട്ട് തന്നെ വേണം. കടലിൽ വെള്ളത്തിൽക്കൂടി സഞ്ചരിക്കണമെങ്കിൽ ബോട്ടുതന്നെ വേണം. ഇപ്പോഴാണെങ്കിൽ ഡി. ഐ. ജി.യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ പട്രോളിംഗ് നടത്താൻ വേണ്ടി ഏർപ്പാട് ചെയ്തിട്ടുണ്ട്. സ്പീഡ് ബോട്ടിന്റെ അഭാവംകൊണ്ട് ആധുനിക രീതിയിലുള്ള യന്ത്രങ്ങളും ഉപയോഗിച്ചാണ് മൽസ്യബന്ധനം നടത്തിക്കൊണ്ടിരിക്കുന്നത്. അത് പിടിക്കാൻ കഴിയത്തക്ക രീതിയിലുള്ള യാതൊരു സംവിധാനവും നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ ഇതുവരെ ഇല്ല. ഇതിന്റെ ഫലമായി കേസ്സുകളുംതന്നെ കുറഞ്ഞിട്ടുണ്ട്. ആകെയുള്ള കേസ്സുകളിൽ അപ്പലേറ്റ് ബോർഡിന്റെ മുന്നിൽ വന്ന കേസ്സുകളും രണ്ടെണ്ണം മാത്രമാണ്. ആ കേസ്സുകളിൽ തീരുമാനമെടുക്കാൻവേണ്ടിയുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകിയാൽ ഈ ബിൽ കൊണ്ട് എന്താണോ 1980-ൽ ഉദ്ദേശിക്കുന്നത് അതിനുനേരെ ഘടകവിരുദ്ധമായ രീതിയിലാണ് ഇപ്പോഴത്തെ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന ഭേദഗതികളും എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇവിടെ മറ്റേതെങ്കിലും ആഫീസറെ കണ്ടുപിടിക്കണം. ഇത്തരത്തിൽ പ്രയാസമുണ്ടെങ്കിൽ ഡിസ്ട്രിക്ട് കളക്ടർ തന്നെ വേണമെന്നില്ല. എല്ലാ ഉത്തരവാദിത്വവും ഡിസ്ട്രിക്ട്

LIBRARY ARCHIVES Kerala Legislative Assembly

കടക്കുടെ മേൽ കെട്ടിവയ്ക്കുന്നതരീതിയിലുള്ള ഈ നിയമനിർമ്മാണം ആവശ്യമില്ല. ഇവിടെ ആഴക്കടലിൽ പോയി മൽസ്യബന്ധനം നടത്തി പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ അപകടത്തിലാക്കുന്നതരത്തിലുള്ള മൽസ്യബന്ധനമാണ് നടന്നുവരുന്നത്. ഇതിന്റെ ഫലമായി കേരളത്തിലെ മൽസ്യ ഉല്പാദന രംഗം തന്നെ പുറകോട്ട് പോയിക്കൊണ്ടിരിക്കുകയാണ് ഇൻഡ്യയിലാകെ ഉല്പാദിപ്പിക്കുന്ന മൽസ്യത്തിന്റെ കണക്ക് എടുത്തുനോക്കിയാൽ കേരളത്തിലെ മൽസ്യ ഉല്പാദനം ഓരോ വർഷം കഴിയുംതോറും കുറഞ്ഞു കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. ഇൻഡ്യയിൽ ആകെയുള്ള മൽസ്യത്തൊഴിലാളികളിൽ 27% മൽസ്യത്തൊഴിലാളികളും നമ്മുടെ സംസ്ഥാനത്തുള്ളവരാണ്. മൽസ്യത്തൊഴിലാളികൾ കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ ഒരു പ്രധാന കണ്ണിയാണ്. ആ മൽസ്യത്തൊഴിലാളികളുടെ പുനരുദ്ധാരണം, ഇല്ലെങ്കിൽ കേരളത്തിലെ ജനങ്ങളുടെ പുനരുദ്ധാരണ പ്രക്രിയ തന്നെ മുടങ്ങിപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് പാരമ്പരാഗത മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻ കഴിയുമെന്നുള്ള നിലയിൽ ഉദ്ദേശിച്ചുകൊണ്ടാണ് 1980-ൽ ഇങ്ങനെയൊരു ആക്ട് കൊണ്ടുവന്നത്. അതുപോലെതന്നെയാണ് ഫിഷറീസ് സൊസൈറ്റീസ് ആക്ട് കൊണ്ടുവന്നിട്ടുള്ളതും. പക്ഷെ ഈ നിയമങ്ങളെല്ലാം ഉണ്ടെങ്കിലും വെൽഫെയർ ഫണ്ട് ബിൽ നമ്മൾ കൊണ്ടുവന്ന് നിയമമാക്കി പാസ്സാക്കിയെടുത്തു. ഇതെല്ലാം കടലാസ്സിൽ കിടക്കുകയാണ്. മൽസ്യവകുപ്പിന്റെ കാര്യത്തിൽത്തന്നെ ഈ ഗവൺമെൻറിന് യാതൊരു താല്പര്യവുമില്ല. മൽസ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് നമ്മുടെ മുഖ്യമന്ത്രിയായിരുന്നു. എന്റെ മുഖമായ മോശമായിരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞുകൊണ്ട് മുഖമായ നന്നാക്കാൻവേണ്ടി ഈ വകുപ്പ് ശ്രീ. എ. എൽ. ജേക്കബ്ബിനെ ഏല്പിച്ചു. ഇപ്പോഴ ഫിഷറീസ് ഡിപ്പാർട്ടുമെൻറിലുള്ള മുഖമായയും പോയി. ഇനിയെന്ത് മുഖമായ ഉണ്ടാക്കാനാണ് പോകുന്നത് ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഈ മുഖമായ നന്നാക്കാൻവേണ്ടിയാണെന്ന് പറഞ്ഞല്ലോ. ഇത് തൊഴിലാളി വഞ്ചനയാണ് ഇന്നലെ ഒരു നേരത്തെ ആഹാരം പോലും ഉപേക്ഷിക്കാൻ കഴിയാത്ത ശ്രീ. എം. വി. രാഘവൻ ഇവിടെ ഉപവാസമനുഷ്ഠിച്ചു. അത് അവസാനിപ്പിച്ചത് കെ. പി. സി. സി. സെക്രട്ടറി ശ്രീ. ടി. എച്ച്. മുസ്തഫയും ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്ററുമാണ്. അത് മുഖ്യമന്ത്രിയോട് ആലോചിച്ചുകൊണ്ടുള്ള ഒരു ഒത്തുകളിയായിരുന്നില്ലേ ? ഈ ഗവൺമെൻറിന്റെ പരിപാടി ഇതാണ്. ഇത് തൊഴിലാളി വഞ്ചനയാണ്. എന്തു പറയുന്നു മെമ്പർ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പ്രതിപക്ഷ കരിങ്കാലിയാണ് ശ്രീ. രാഘവൻ എന്ന് ഒരിക്കൽക്കൂടി ഇതുകൊണ്ട് വ്യക്തമാക്കപ്പെട്ടു എന്നു മാത്രമേയുള്ളു. ശ്രീ. പി. എം. അബൂബക്കറും ശ്രീ. എ. സി. ജോസും കൂടി കൊണ്ടുവന്ന് കീടത്തി. അവർ പറഞ്ഞപ്പോഴും എഴുന്നേറ്റുപോയിത്തന്നുള്ള പ്രാധാന്യം മാത്രമേ ഞാൻ ഇതിൽ കണ്ടിട്ടുള്ളു. സർ, ഇവിടെ ഈ ബിൽ പ്രകാരം നമ്മുടെ മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനാണ് സാധിക്കേണ്ടതെങ്കിൽ ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികളം പരിശോധിച്ചുനോക്കിയാൽ മൽസ്യത്തൊഴിലാളികളുടെ പുനരുദ്ധാരണത്തിന് സഹായകമായ വിധത്തിലുള്ളതല്ല. ഇവിടെ 1981-ൽ ബാബുപോൾ കമ്മിറ്റി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. 1984-ൽ കലാവർ കമ്മിറ്റി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടുകളെല്ലാം അതേ മാതിരി സൂക്ഷിച്ചിരിക്കുകയാണ്. ആ റിപ്പോർട്ടുകളം നടപ്പാക്കാൻ തയ്യാറാകുന്നില്ലെങ്കിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ സാധിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്നില്ല. നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻ സാധിച്ചാൽമാത്രമെ കടലോര മേഖല സജീവമാകുകയുള്ളു. നമ്മുടെ കേരളത്തിലെ കടലോര മേഖലകളിൽ പോയാൽ ശ്മശാനമൂകമായ സ്ഥിതി വിശേഷമാണ് ചിലപ്പോഴും കാണാൻ സാധിക്കുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് ജോലിയില്ല. കടലിൽ പോയാൽ മീൻ കിട്ടാതെയുള്ള സ്ഥിതിവിശേഷമുണ്ട്. ഇതിന്റെ ഫലമായി പട്ടിണിയും പരിവട്ടവുമായി കഴിയേണ്ടിവരുന്ന മൽസ്യത്തൊഴിലാളികളെ പുനരുദ്ധരിപ്പിക്കാൻ ധാരാളം നിയമനിർമ്മാണങ്ങൾ നമ്മൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും മൽസ്യത്തൊഴിലാളികൾക്ക് ഇപ്പോഴും അതിന്റെ നേട്ടം കിട്ടിയിട്ടില്ലെന്നതാണ് യഥാർത്ഥമായ വസ്തുത. മൽസ്യത്തൊഴിലാളികൾ കയറിക്കിടക്കുന്ന സ്ഥലത്ത് കിടപ്പാടത്തിന് ഭൂമിക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നിയമസഭയിൽ പട്ടയപ്രശ്നം കൊടുങ്കാറ്റു പോലെ ഉയർന്നിട്ടുണ്ട്. മലയോരത്തെ പട്ടയപ്രശ്നമാണ് ഇവിടെ കൊടുങ്കാറ്റുയർത്തിയത്. കടലോരമേഖലകളിൽ മത്സ്യത്തൊഴിലാളികൾ കുടിൽ കെട്ടിത്താമസിക്കുന്ന ഒരു സെന്റും രണ്ട് സെന്റ് ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് യാതൊരു നടപടിയും റവന്യൂ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടില്ല. അതിനെക്കുറിച്ച് വാദിക്കാൻ ശ്രീ. ദിനകരനെപ്പോലുള്ള ആളുകൾക്ക് സമയമില്ല.

ശ്രീ. വി. ദിനകരൻ : സർ, മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കുന്നില്ലെന്ന് പറഞ്ഞു. പൂർണ്ണമായും കൊടുത്തിട്ടില്ലെന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ നിയമസഭയിൽത്തന്നെ ചോദ്യത്തിനുത്തരമായി 15000-ൽ അധികം മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുത്തുവെന്ന് പറഞ്ഞിട്ടുള്ള കാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ധാരാളം മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കിട്ടാതെ അനുഭവിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. ഗവൺമെന്റ് സ്കീമുകളുടെ ഫലമായിട്ടുമാത്രമാണ് ഇന്ന് അവർ കുടിലുകളിൽ കഴിഞ്ഞുകൂടുന്നത്. മൽസ്യത്തൊഴിലാളികളുടെ വീടുകൾ പൊളിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. പൂന്തുറയിൽ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു ഭവനനിർമ്മാണ പദ്ധതി നമ്മൾ ആരംഭിച്ചു. നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി ഇവിടെ വന്ന ഉടനെ മൽസ്യത്തൊഴിലാളികൾക്ക് വീടുകൾ കൊടുക്കണമെന്ന് പറഞ്ഞു. ആ രാജീവ് ഗാന്ധിയെപ്പോലും പറഞ്ഞിച്ചു. മുഖ്യമന്ത്രി കരുണാകരനെയും പറഞ്ഞിച്ചു. ആ വീടുകളെങ്കിലും കൊടുത്തിരുന്നെങ്കിൽ അവർക്ക് സൗകര്യം കിട്ടുമായിരുന്നു. മൽസ്യത്തൊഴിലാളികളെ ഉദ്ധരിക്കാൻ അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുമെന്ന് പറഞ്ഞു ഈ നിയമസഭ പാസ്സാക്കിയ ഫിഷർമൻ വെൽഫയർ സൊസൈറ്റീസ് ആക്ട് അനുസരിച്ചുതന്നെ 222 ഗ്രാമസംഘങ്ങൾക്ക് രൂപം കൊടുത്തത്. ആ ഗ്രാമസംഘങ്ങൾ ഇന്ന് ചലനമറ്റു കിടക്കുകയാണ്. ആ ഗ്രാമസംഘങ്ങളിൽ ഇന്ന് തെരഞ്ഞെടുപ്പ് നടക്കുന്നില്ല. ആ ഗ്രാമസംഘങ്ങളിൽ യഥാർത്ഥ മൽസ്യത്തൊഴിലാളികളെ വച്ച് നടത്താൻ സാധിക്കാത്ത സ്ഥിതിയുണ്ടായിരിക്കുന്നു. മൽസ്യബന്ധന നിയന്ത്രണത്തിന്റെ ഗുണങ്ങൾ യഥാർത്ഥത്തിൽ കിട്ടേണ്ടത് മൽസ്യത്തൊഴിലാളികൾക്കല്ലെ. മൽസ്യത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി ഉണ്ടാക്കിയ നിയമനിർമ്മാണങ്ങൾ യഥാർത്ഥത്തിൽ മൽസ്യത്തൊഴിലാളികൾക്ക് സഹായകമായ രീതിയിലല്ല. മൽസ്യത്തൊഴിലാളികൾക്കുള്ള ഗുണങ്ങൾ ഇട

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞുകാർ തട്ടിയെടുക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. മൽസ്യത്തൊഴിലാളി രംഗത്തെ ചൂഷണം അവസാനിപ്പിക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയന്ത്രണങ്ങളുടെ ഫലമായി ചൂഷണം അവസാനിച്ചിട്ടില്ല. അത് ഇപ്പോഴും തുടർന്നു വരുന്നുണ്ട്. അതുകൊണ്ട് നിയമനിർമ്മാണം നടത്തുമ്പോഴും അത് നടപ്പാക്കാൻ സാധിക്കണം. നടപ്പാക്കാൻ കഴിയാത്തവിധത്തിലുള്ള പഴുതുകളും ഉൾക്കൊള്ളുന്ന ഭേദഗതികളും മാറ്റി സമഗ്രമായ രീതിയിലുള്ള ഒരു നിയമം നടപ്പാക്കാൻ കഴിയുന്ന ആത്മാർത്ഥതയാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള : സർ, 1980-ൽ നിയമം കൊണ്ടുവന്നത് കേരളത്തിലെ കടലോരപ്രദേശങ്ങളിൽ ശാന്തമാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ്. പരമ്പരാഗത മൽസ്യത്തൊഴിലാളികളും പരമ്പരാഗതമായി വർഷങ്ങളായി മൽസ്യബന്ധനം നടത്തി ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ കടലോരപ്രദേശങ്ങളിൽ മെക്കനൈസ്ഡ് ഫിഷിംഗ് വന്നതിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട സംഘർഷം സംസ്ഥാനത്തൊട്ടാകെ ചില പ്രശ്നങ്ങളും സൃഷ്ടിക്കുകയുണ്ടായി. നമുക്ക് വിപുലമായ മൽസ്യസമ്പത്തുണ്ട്. പക്ഷെ, മംഗലാപുരത്ത് നിന്നും വരുന്ന മൽസ്യമാണ് ഇന്ന് നമ്മുടെ കമ്പോളങ്ങളിൽ കിട്ടുന്നത്. നമ്മുടെ മൽസ്യസമ്പത്ത് പരിപൂർണ്ണമായി ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിന് കാരണം മെക്കനൈസ്ഡ് ഫിഷിംഗ് നടത്തുന്നവരാണ്. ഒരു നിശ്ചിത പരിധിക്കപ്പുറത്തുള്ള ഡീപ്സീ ഫിഷിംഗ് നടത്തിക്കൊണ്ട് വിപുലമായ മൽസ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനുപകരം പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കായി നീക്കിവച്ചിട്ടുള്ള കരയോടടുത്ത ഭാഗങ്ങളിൽ കയറി മൽസ്യബന്ധനം നടത്തുന്നതുകൊണ്ട് രണ്ട് തരത്തിലുള്ള അപകടങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒന്നാമത് ലക്ഷക്കണക്കിന് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരുന്നു. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം നമുക്കറിയാം തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. നിരവധി പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുത്തുകൊണ്ട് ലക്ഷക്കണക്കിന് ആളുകൾ ജീവിക്കുന്നു. ആ കാരണംകൊണ്ട് അവരുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നു.

മെക്കനൈസ്ഡ് ഫിഷിംഗ് നടത്തുന്നവർ ഈ കരയോട് ചേർന്ന പ്രദേശങ്ങളിൽ ഫിഷിംഗ് നടത്തുന്നതുകൊണ്ട് ഈ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നു. സീപ്സീ ഫിഷിംഗ് നടത്താൻ അവർ ശ്രമിക്കുന്നില്ലെന്നുള്ളതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന മെക്കനൈസ്ഡ് ബോട്ടുകളും ആ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തി അവരുടെ നാടുകളിലേക്ക് കൊണ്ടുപോകുകയും, ആ മത്സ്യത്തെ ആശ്രയിച്ച് നമുക്ക് വ്യാപാരം നടത്തേണ്ടി വരികയും ചെയ്യുന്നു. അതുകൊണ്ട് ഈ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാവരുടെയും ഉത്തമ താൽപര്യങ്ങളും സംരക്ഷിക്കുന്നതിന് തീർച്ചയായും ഈ മെക്കനൈസ്ഡ് ഫിഷിംഗ് നടത്തുന്നവർ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം, ഇവിടെ അപ്പീൽ നൽകുന്നതിനുള്ള അതോറിറ്റിയെ നിശ്ചയിക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കമാണ് ഉണ്ടായത്. സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ച ആശങ്ക ഞങ്ങൾക്കെല്ലാവർക്കുമുണ്ട്. കാരണം, കളക്ടർമാർ ചെയർമാനായി എത്ര കമ്മിറ്റികളാണുള്ളതെന്ന് നമുക്കറിയില്ല. ശ്രീ. ടി. എസ്. ജോൺ ഇവിടെ ചോദിച്ചു രണ്ടു കേസുകളേയുള്ളൂ, അതെന്താണെന്നാണ്. രണ്ടു കേസുകളുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഏത് കമ്മിറ്റി ഗവൺമെൻറ് ഉണ്ടാക്കിയാലും, അതിന്റെ ചെയർമാൻ കളക്ടറാണ്. സത്യം പറഞ്ഞാൽ കളക്ടർക്ക് കമ്മിറ്റികളിൽത്തന്നെ അദ്ധ്യക്ഷത വഹിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ലെന്നുള്ളതാണ് സ്ഥിതി. അതോടൊപ്പം തന്നെ നിരവധി കാസി ജുഡിഷ്യൽ ഫങ്ഷൻസുണ്ട്. അതുപോലെ തന്നെ റേഷൻ കടകളുടെ അപ്പീൽ കേൾക്കണം, അതുപോലെയുള്ള നിരവധി അപ്പീലുകൾ കേൾക്കണം. ആ സാഹചര്യത്തിലാണ്.....

ശ്രീ. ടി. എസ്. ജോൺ : കളക്ടറല്ലാതെ ഈ സാഹചര്യത്തിൽ ആരായിരിക്കണം ? സർക്കാരിന്റെ ചെലവ് കുറഞ്ഞുമിരിക്കണം.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഒന്നുകിൽ അതിന് ഉചിതമായ ഒരു ഓഫീസറെ ഗവൺമെന്റ് നിശ്ചയിക്കണം. അല്ലെന്നുണ്ടെങ്കിൽ, കളക്ടറേറ്റിൽ തന്നെ ഉള്ള സബ് കളക്ടറേയോ, അല്ലെങ്കിൽ ഏതെങ്കിലും അതോറിറ്റിയേയോ അവർ നിശ്ചയിക്കണം. അല്ലെന്നുണ്ടെങ്കിൽ.....

ശ്രീ. വർക്കല രാധാകൃഷ്ണൻ : കളക്ടറല്ലാതെ വേറെ ആളുണ്ട്. ഡിസ്ട്രിക്ട് ജഡ്ജിനെയായിരുന്നല്ലോ മുൻപ് ഈ ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. ആ ജില്ലാ ജഡ്ജിയെ മാറ്റിയാണ് ഇപ്പോൾ കളക്ടറെ വയ്ക്കുന്നതെന്ന് അറിയാമോ ? ജില്ലാ ജഡ്ജിക്ക് ഈ ജോലിയുണ്ടായിരുന്നു. അദ്ദേഹം അത് കൃത്യമായിട്ട് ചെയ്യുമായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ മാറ്റി കളക്ടറുടെ ചുമതലയിൽ വയ്ക്കുന്നത് മനപൂർവ്വമായി കാലതാമസം വരുത്താനാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർക്കറിയാമോ ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അതായിരിക്കും ഫലത്തിൽ സംഭവിക്കുന്നത്. കാരണം ഇതിനകത്ത്.....

ശ്രീ. ടി. എസ്. ജോൺ : ജില്ലാ ജഡ്ജിക്ക് ഒരു കേസ് അപ്പീൽ കൊടുത്താൽ മൂന്നു കൊല്ലം കഴിയുമ്പോഴായിരിക്കും അതിന്റെ ഡിസിഷനെടുക്കുന്നത്. അതേ സമയം കളക്ടർക്ക് അപ്പീൽ കൊടുക്കുകയാണെങ്കിൽ രണ്ടു മൂന്നു മാസത്തിനകം ഡിസിഷനെടുക്കും. ആ സിവിൽ പ്രൊസിഡ്യുവർ കോഡിൽ ജില്ലാ ജഡ്ജിക്ക് ഒരു പാട് ജോലികളുണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണനെപ്പോലുള്ള ആളുകളുടെ ധാരാളം അപ്പീലുകൾ അനാവശ്യമായിട്ട് ഡീൽ ചെയ്യേണ്ടതായി വരും. അതേ നിലക്ക് ജില്ലാ ജഡ്ജിയെ ആക്കുന്നതിനേക്കാൾ എളുപ്പം തീരുമാനമെടുക്കാൻ കഴിയുന്നത് ജില്ലാ കളക്ടർക്കാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : അത് കേസ് നടത്തുന്നവരുടെ കുഴപ്പമാണ്. അത് കോടതിയുടെ പ്രശ്നമല്ല. അത് കളക്ടറായിരുന്നാലും, കോടതിയായിരുന്നാലും കേസ് നടത്തുന്നതിന്റെ പ്രശ്നമാണ്. കേസ് തക്ക സമയത്ത് നടത്തിച്ച അതിന് ഒരുവിധിയുണ്ടാക്കണമെന്ന് ആഗ്രഹം ഗവൺമെൻറിനോ, ഡിപ്പാർട്ടുമെൻറിനോ ഇല്ലെങ്കിൽ കാലതാമസമുണ്ടാകും. പക്ഷേ ഇന്ന് വരാൻ പോകുന്ന സ്ഥിതി, ഇതിനകത്തുള്ള വ്യവസ്ഥകൾക്ക് ലംഘനമുണ്ടായിയെന്നു പറഞ്ഞ് മറ്റ് സിവിൽ കേസുകൾ, അല്ലെങ്കിൽ അതിന്റെ പേരിലുള്ള റിട്ടുകൾ പിന്നീടുണ്ടാകും. കാരണം, തക്കസമയത്ത് കളക്ടർ തീർപ്പു കൽപ്പിച്ചില്ലെന്നുള്ളതാണ്. ഈ വകുപ്പിന്റെ നിയമത്തിൽ പറയുന്ന പരിധിക്കുള്ളിൽ തീരുമാനമുണ്ടായില്ല എന്നെല്ലാം പറഞ്ഞുകൊണ്ടായിരിക്കും നാളെ പുതിയ കേസുകൾ ഈ കേസിനെ ആധാരമാക്കിയുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് യുക്തമായ ഒരു ഓഫീസറെ കണ്ടുപിടിക്കണം. അത് തീരുമാനിക്കേണ്ട ഒരു അതോറിറ്റിയല്ല ഞാൻ. അതുകൊണ്ട് അങ്ങനെയൊരു അപകടമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഈ നിയമലംഘനം ചെറുക്കുകയെന്നുള്ള ഒരു ഉദ്ദേശത്തോടുകൂടിയാണ് ഈ ബില്ല് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ കേസിനകത്ത്പ്പെടുന്ന ആളുകളും തീർച്ചയായും കുറ്റം ചെയ്തവരാണെന്ന് നമുക്കറിയാം നിരപരാധികളും വന്നു കുടുങ്ങുകയില്ലെന്ന് നമുക്കറിയാം, ഒരു സ്റ്റാറ്റ്യൂട്ടറി ഫോർമാലിറ്റിയെന്നുള്ള നിലയിലാണ് ഇതിന്റെ അപ്പീൽ പ്രൊവിഷൻ വരുന്നത് തന്നെ. അപ്പോഴും യഥാർത്ഥത്തിൽ കുറ്റം ചെയ്യുന്ന നിരവധി ആളുകളിൽ, ചുരുക്കം കിട്ടുന്ന ചില ആളുകളെ പിടിച്ച് കഴിയുമ്പോൾ അവർക്ക് യുക്തമായ ശിക്ഷ നൽകി എളുപ്പം അത് നടപ്പിലാക്കുന്നതിന് പകരം, സാങ്കേതികമായ കാരണങ്ങൾകൊണ്ട് കേസുകൾ നീണ്ടു നീണ്ടു പോയി ഈ കുറ്റക്കാർ രക്ഷപ്പെടുന്ന ഒരു അവസ്ഥയായിരിക്കും ഉണ്ടാകുന്നത്. അതുകൊണ്ട് ഈ ബില്ല് നടപ്പിലാക്കുമ്പോൾ ഗവൺമെന്റിന്റെയും, ഡിപ്പാർട്ടുമെന്റിന്റെയും ആത്മാർത്ഥതയാണ് പ്രശ്നം. നമ്മുടെ ക്ഷേമ സംഘങ്ങളും മത്സ്യഫെഡുമൊക്കെ നടത്തി അതെല്ലാം കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ലാത്ത അവസ്ഥയിൽ കൊണ്ടാക്കിയതുപോലെയാണ് ഈ നിയമവും നടപ്പിലാക്കുന്നതെങ്കിൽ തീർച്ചയായും, ഇതിന്റെ ഫലമുണ്ടാക്കുകയില്ല. ഇവിടെ പറഞ്ഞത് രണ്ട് കേസുകളേയുള്ളൂവെന്നാണ്. അതിന്റെ കാരണം രണ്ട് കേസുകൾ മാത്രമേയുള്ളുവോ നമുക്കറിയാം. കേരളത്തിലെ മെക്കനൈസ്ഡ് ഫിഷിംഗ് നടത്തുന്ന ബോട്ടുകളെല്ലാം തന്നെ ഈ തീരങ്ങളോട് ചേർന്ന പ്രദേശങ്ങളിൽ കയറിയാണ് മത്സ്യ ബന്ധനം നടത്തുന്നത്. അവിടെയെല്ലാം ഈ പരമ്പരാഗത മത്സ്യത്തൊഴിലാളികളുമായി ഏറ്റുമുട്ടി ഒരു നിയമസമാധാന പ്രശ്നമുണ്ടാകുമ്പോൾ മാത്രമാണ് ഈ സർക്കാർ രംഗത്ത് വരുന്നത്. അതുകൊണ്ട് നമ്മുടെ മത്സ്യ സമ്പത്ത് നഷ്ടപ്പെടുത്തുകയും അതുപോലെ തന്നെ ഡീപ്പ് സീ ഫിഷിംഗിൽകൂടിയും നമ്മുടെ സംസ്ഥാനത്ത് കിട്ടാവുന്ന മത്സ്യ സമ്പത്ത് നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഈ രണ്ട് അപകടങ്ങളും പതിയിരിക്കുന്ന സാഹചര്യത്തിൽ തീർച്ചയായും ഫലപ്രദമായി ഈ മൂലനിയമം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകളാണ് ആവശ്യം. അത് ഫലപ്രദമായി നടപ്പാക്കുകയെന്നുള്ളതാണ് ആവശ്യമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. വി. രാഘവൻ : സർ, ഈ മത്സ്യത്തൊഴിലാളി നിയമം 1980-ൽ നടപ്പിലാക്കിയതിനുശേഷം, ആ നിയമം പാസ്സാക്കിയതിനുശേഷം അത് നടപ്പിൽ വരുത്തുമ്പോൾ അതിന്റെ ഉദ്ദേശങ്ങളും പൂർണ്ണമാകുന്നില്ല. ഈ യന്ത്രവൽകൃത ബോട്ടുകളെ കൊണ്ടുള്ള കുഴപ്പം എന്റെ നിയോജകമണ്ഡലത്തിലെ പഴയങ്ങാടി, പുതിയങ്ങാടി കടൽപ്പുറത്തുതന്നെ പലപ്പോഴും ഉള്ളതാണ്. സാധാരണ മത്സ്യ തൊഴിലാളികളെ മത്സ്യം പിടിക്കാൻ അനുവദിക്കാത്ത ദ്രോഹം ചെയ്തതല്ല. മംഗലാപുരത്തുനിന്നും, മറ്റ് പ്രദേശങ്ങളിൽനിന്നും വരുന്ന യന്ത്രവൽകൃത ബോട്ടുകാർ ഇവരെ ആക്രമിക്കുകയും, അവർക്ക് മത്സ്യം പിടിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. ഗവൺമെന്റ് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ഉറപ്പ് നൽകുന്നുണ്ടെങ്കിലും, യാതൊരു സംരക്ഷണവും നൽകുന്നില്ല. അത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. അതുകൊണ്ടു അപ്പീലും, കാര്യങ്ങളും അധികം വരികയില്ല. ഡിസ്ട്രിക്ട് കളക്ടറെ അപ്പീൽ അധികാരിയാക്കുന്നതിന് വലിയ കുഴപ്പമില്ല. പക്ഷേ, അദ്ദേഹത്തിന് ജോലി അധികമാണ്. അതുകൊണ്ടു എനിക്ക് തോന്നുന്നത് ഗവൺമെന്റ് തന്നെ ഒരു ഭേദഗതി കൊണ്ടുവന്നാൽ മതിയെന്നാണ്. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ ലാ അൻറ് ഓർഡറോ, അതുപോലുള്ള കാര്യങ്ങളോ ഏൽപ്പിക്കുകയാണ് വേണ്ടത്. അതുകൊണ്ട് കളക്ടറെന്നുള്ളതിന് ചെറിയ ഒരു മാറ്റം വരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ 1991-ൽ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ നിയമം അതിന്റെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്താൻ സാധിക്കാത്തതിന്റെ ഫലമായിട്ടുള്ള കുഴപ്പമാണ് ഞാൻ നേരത്തേ പറഞ്ഞത്. ആ നിയമത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ എന്റെ പഴയ പാർട്ടിയുടെ ഒരു സുഹൃത്തിന്റെ ചോദ്യം സ്പർശിക്കാതെ പോകുന്നത് ശരിയല്ല. ഇന്നലെ ഞാൻ ഇവിടെ നടത്തിയ ഉപവാസം ശ്രീ. എ.സി. ജോസും, എ.പി.എം. അബൂബേക്കറും കൊണ്ടുവന്ന് നടത്തിയെന്നും, അതിന്റെ അടിസ്ഥാനത്തിൽ ഞാൻ പിൻവലിച്ചുവെന്നുമാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അപ്പോൾ കഴിഞ്ഞ പ്രാവശ്യം ശ്രീമതി ഗൗരിയമ്മ നടത്തിയത് ശ്രീ. കരുണാകരൻ കൊണ്ടുവന്നാക്കിയതാണോയെന്ന് ഞാൻ ചോദിക്കുകയാണ് (ബഹളം).....ഞാൻ ഇന്നലെ ഇവിടെ സമരം നടത്തിയതിനെപ്പറ്റിയാണല്ലോ ഇന്ന് ഇവിടെ പറഞ്ഞത്. ഞാൻ തങ്കമണിയിൽ പോയിരുന്നു അവിടത്തെ സ്ത്രീകൾക്ക് എതിരായിട്ട് ആക്രമണം നടന്നിട്ടുണ്ട്, അവിടത്തെ ജനങ്ങളെയാകെ പോലീസ് തല്ലിയിട്ടുണ്ട്, ആ കുറ്റവാളിയായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യണമെന്നുള്ളതിന്റെ പേരിലാണ് ഞാൻ ഇവിടെ സമരം നടത്തിയത്. കൂടാതെ അവിടെ വെടിവയ്പിൽ മരിച്ച കുടുംബങ്ങൾക്ക് ഗവൺമെന്റ് സഹായം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, ഗവൺമെന്റ് അത് ഇതുവരെ കൊടുത്തില്ല. സി.പി.എം. ഉൾപ്പെടെയുള്ള പ്രാദേശിക സമര സമിതി അത്തരം പ്രശ്നങ്ങളിൽ ഉന്നയിച്ച പ്രശ്നങ്ങൾക്കുവേണ്ടിയാണ് ഞാൻ ഇന്നലെ നിരാഹാരവ്രതം ആരംഭിച്ചത്. തങ്കമണിയിൽ ചില പ്രതിപക്ഷ നേതാക്കൻമാർ പോയിരുന്നല്ലോ, അവർ അവിടെ പോയി വന്നിട്ട് തങ്കമണിക്കാരെ തോൽപ്പിക്കാൻവേണ്ടി ഒരു അടിയന്തിര പ്രമേയവും, ഒരു പ്രഹസനവും നടത്തി. തങ്കമണിയിലെ സ്ത്രീകളുടെ മാനം കവർന്ന, അതല്ലെങ്കിൽ അവരെ അപമാനിച്ച സംഭവത്തിൽ അവിടത്തെ പോലീസ് ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ഉപവാസം നടത്തിയപ്പോൾ ആ പ്രശ്നത്തെപ്പറ്റി ഒരു അക്ഷരം പറയാൻ കഴിയാത്ത പ്രതിപക്ഷം, നിങ്ങൾ നാണംകെട്ട പ്രതിപക്ഷമല്ലേ? അതല്ലേ നിങ്ങൾ എടുത്തത്? എന്നിട്ട് ഇന്നലെ സി.പി.എം. അടക്കമുള്ള സമര സമിതികൾ മുഖ്യമന്ത്രിയുമായി ചർച്ചകൾ നടത്തുകയും ചെയ്തു. തങ്കമണിയിലെ മർദ്ദനത്തിനിടയാക്കിയ തമ്പാനെന്നു പറയുന്ന ഒരു സർക്കിൾ ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്യുമെന്നും, വെടിവയ്പിൽ മരിച്ച മൂന്നു കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുമെന്നും അതുപോലെതന്നെ അന്വേഷണത്തിന് വേണ്ടി ഒരു ജഡ്ജിയെ ഇന്ന് പ്രഖ്യാപിക്കുമെന്നും സമര സമിതി ഉന്നയിച്ച മിക്കവാറും ആവശ്യങ്ങൾ മുഖ്യമന്ത്രി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, സി.പി.എം. ന്റെ ആളുകൾ ഉൾപ്പെടുന്ന സമര സമിതി സമരം മാറിവച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെകൂടെ അഭ്യർത്ഥനയെ അനുസരിച്ചും മുഖ്യമന്ത്രിക്കുവേണ്ടി ഇവിടത്തെ ചീഫ് വിപ്പ് എന്നോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ഞാൻ സമരം പിൻവലിച്ചത്.

ശ്രീ. ടി.എസ്. ജോൺ : ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ സമരമെന്തിനായിരുന്നു? എന്തിനായിരുന്നു സമരം പിൻവലിച്ചത്?

ശ്രീ. എം. വി. രാഘവൻ : എന്റെ സമരം ഡോക്ടർ കെ.സി. ജോസഫിന് വേണ്ടിയായിരുന്നെങ്കിൽ ശ്രീമതി ഗൗരിയമ്മയുടെ സമരം ശ്രീ. കരുണാകരന് വേണ്ടിയാണ്. അതുകൊണ്ട് സി.പി.എം, കാരോട്ട് ഞാൻ പറയുന്നത്, തങ്കമണിയുടെ പേരിൽ നിങ്ങൾ ബഹളം കൂട്ടിയതിൽ, വല്ല ആത്മാർത്ഥതയുമുണ്ടെങ്കിൽ നിങ്ങൾ ഇന്നലത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്രീഡിഗ്രി ബോർഡിന്റെ പുറകെ പോകുകയില്ലായിരുന്നുവെന്നാണ്. നിങ്ങൾ ഇന്നലെ പ്രീഡിഗ്രി ബോർഡുമായിട്ട് ഓടാനാണ് ശ്രമിച്ചത്. നിങ്ങൾ വടികൊടുത്ത് അടി വാങ്ങുകയാണ് ചെയ്യുന്നത്. നിങ്ങൾ ആത്മാർത്ഥതയോടുകൂടിയാണ് തങ്കമണിയിലെ ജനങ്ങളുടെ പ്രശ്നം ഏറ്റെടുത്തതെങ്കിൽ നിങ്ങൾ ഇന്നലെ ഒരു പ്രതിപക്ഷ മെംബർ നിരാഹാരം കിടന്നപ്പോൾ ചെയ്യേണ്ടത് ഇതായിരുന്നോ ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. സീതിഹാജി : സർ, ബഹുമാനപ്പെട്ട മെമ്പർ ഇന്നലെ തങ്കമണി സംഭവത്തിൽ പ്രതിഷേധിച്ച് നിരാഹാരം കിടക്കുകയും ആ സമരസമിതിയുടെ ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷം വിദ്യാഭ്യാസമന്ത്രി രാജിവയ്ക്കണമെന്ന് പറഞ്ഞ് 15 മിനിട്ട് ഇവിടെ പ്രഹസനം നടത്തി. അതിൽ അവർക്ക് വല്ലതും കിട്ടിയോ, അത് പിൻവലിക്കാനുള്ള കാരണമെന്തെന്നറിയാമോ ?

ശ്രീ.എം. വി. രാഘവൻ : സർ, മേയ് മാസത്തിൽ ജേക്കബ് രാജിവയ്ക്കുമെന്ന് ശ്രീ. സീതിഹാജി അവർക്കുറപ്പുകൊടുത്തുയെന്ന് ഇന്ന് പത്രത്തിൽ വായിച്ചു. ഈ മെമ്പർമാർ വേണ്ടാത്ത വർത്തമാനം ഇവിടെ പറഞ്ഞ് എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. മുഖ്യമന്ത്രി തങ്കമണിയിൽ നടന്ന പോലീസ് ആക്രമണങ്ങൾക്ക് ഉത്തരവാദിയായിട്ടുള്ള പോലീസ് സർക്കിൾ-ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്യുമെന്നും, വനിതാജഡ്ജിയെ നിയോഗിച്ച് അന്വേഷിപ്പിക്കാമെന്നും കഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സഹായധനം നൽകാമെന്നും എനിക്കുറപ്പു നൽകി. ഇവിടെ നിന്നും കുറെ പ്രതിപക്ഷ എം.എൽ.എ. മാർ പോയിട്ട് എന്തു ചെയ്തു. ഒരു മാസമായിട്ട് ആ മരിച്ച ആളിന്റെ കുടുംബം പട്ടിണിയിലാണ്. ഞങ്ങൾ 4 എം.എൽ.എ. മാർ പോയി ഞങ്ങളുടെ ശമ്പളത്തിൽ നിന്ന് 125 രൂപ വീതം അവർക്ക് കഞ്ഞി വച്ച് കുടിക്കാൻ വേണ്ടികൊടുത്തു. നിങ്ങൾ പോയിട്ട് വെറുതെ മുതലക്കണ്ണീർ ഒഴുക്കുകയാണ് ചെയ്തത്.

ശ്രീ. ടി. എസ്. ജോൺ : കേരളാ കോൺഗ്രസ്കാർ അൽപ്പം സഹായം ചെയ്ത വിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. എം. വി. രാഘവൻ : കേരളാ കോൺഗ്രസുകാർ സഹായിച്ചിട്ട് പോലും പ്രതിപക്ഷം ഒന്നും കൊടുത്തില്ല. അതുകൊണ്ട് ഇവരുടെ ഈ മുതലക്കണ്ണീർ ഒന്ന് അവസാനിപ്പിക്കുന്നതാണ് നല്ലത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പണ്ട് നമ്മുടെ നാട്ടിലൊരു പഴഞ്ചൊല്ലുണ്ട്, മുതലയച്ഛനും ഞാനുംകൂടിയെന്ന് പറയുന്നതുപോലെ ശ്രീ. രാഘവന്റെ ഉപവാസംകൊണ്ടാണ് ഇതെല്ലാം നടന്നതെന്നാണ് ശ്രീ. രാഘവൻ ധരിച്ചിരിക്കുന്നുവെങ്കിൽ നിങ്ങൾ മൂഢസ്വർഗ്ഗത്തിലാണ്. നിങ്ങളെ ഇവിടെ കുരങ്ങുകളിപ്പിക്കുകയാണ്. നിങ്ങൾ കരിങ്കാലിയാണ്.

ശ്രീ. എം.വി. രാഘവൻ : നിങ്ങളുടെ നേതാവ് അച്ചുതാനന്ദൻ 6 പാർട്ടികളുടെ ഒരു കൺവെൻഷൻ കൊച്ചിയിൽ 5 മാസത്തിനുമുമ്പ് വിളിച്ചുകൂട്ടി. ആ സമരപ്രഖ്യാപന കൺവെൻഷനിൽ കുവൈറ്റ് മന്ത്രിയെ തടയുമെന്ന് പ്രമേയം പാസ്സാക്കിയിട്ട് അഞ്ചരമാസമായിട്ടും ഒരു മന്ത്രിയെയും തടഞ്ഞില്ല. എന്നിട്ട് ഈ അച്ചുതാനന്ദൻ അന്ന് പറഞ്ഞു ഈ ഗവൺമെന്റിനെ ഞങ്ങളിറക്കുകയില്ല. ഈ ഗവൺമെന്റിനെ 5 കൊല്ലത്തെ

LIBRARY ARCHIVES Kerala Legislative Assembly

മാൻഡേറാണ്, അവർ 5 കൊല്ലം ഭരിക്കട്ടെയെന്ന്. ഈ നാറിയ ഗവൺമെൻറ് 5 വർഷം ഭരിക്കട്ടെയെന്ന് നിങ്ങളുടെ നാറിയ നേതാവായ അച്ചുതാനന്ദനാണ് പറഞ്ഞത്, അല്ലാതെ ഞാനല്ല പറഞ്ഞത്.

ശ്രീ. വി. ദിനകരൻ : സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. എം. വി. രാഘവൻ കഴിഞ്ഞ പ്രാവശ്യം അവിശ്വാസപ്രമേയം കൊണ്ടുവന്നപ്പോഴും നമ്മുടെ പ്രതിപക്ഷ നേതാക്കൻമാരും അവിശ്വാസ പ്രമേയം കൊണ്ടു വന്നു. അതുപോലെ തങ്കമണി പ്രശ്നത്തിന്റെ പേരിൽ ഇന്നലെ പുറത്തുസമരം ചെയ്തപ്പോഴും അവർ പ്രീഡിഗ്രി ബോർഡിന്റെ പേരിൽ അകത്ത് സമരം ചെയ്തു. അപ്പോഴും നിങ്ങളെ പാർട്ടിയിൽനിന്ന് പുറത്താക്കിയിട്ടുപോലും മാർക്സിസ്റ്റ് പാർട്ടി നിങ്ങളുടെ നേതൃത്വം അംഗീകരിക്കുന്നുയെന്നതിന്റെ തെളിവല്ലേ.

ശ്രീ. എം. വി. രാഘവൻ : സർ, അവരുടെ ഗതികേട് ഒരു പെറിയ ഗതികേടല്ല, എനിക്കതിൽ സഹതാപമുണ്ട്. എന്റെ ആ പഴയ പാർട്ടിയിൽ പെട്ട നിങ്ങളോട് എനിക്ക് പറയാനുള്ളത് നിങ്ങളൊരു രാഷ്ട്രീയ പാർട്ടിയല്ല. പ്രതിപക്ഷത്തിരിക്കുന്ന ഒരു രാഷ്ട്രീയപാർട്ടിയാവുമ്പോഴാ ആ പാർട്ടി ചെയ്യേണ്ടത് ഈ ഗവൺമെൻറിനെതിരായി കിട്ടാവുന്നതെല്ലാം ഉപയോഗിക്കുകയാണ്. നിങ്ങൾക്ക് അതിനെപ്പറ്റി വിവരമില്ല. കാരണം അവരുടെ നേതാവ് സമരപ്രഖ്യാപനം നടത്തിയിട്ടു പറഞ്ഞത് ഈ ഗവൺമെൻറിന് 5 കൊല്ലത്തെ മാൻഡേറ് ഉണ്ട് അതുകൊണ്ട് 5 വർഷം ഭരിക്കട്ടെ എന്നാണ്. ദേശാഭിമാനിയിൽ വന്നതാണ്. അതുകൊണ്ട് നിങ്ങളാണ് ഈ കരുണാകരനെ ഇവിടെ ഇരുത്തുന്നത്. നിങ്ങൾ തങ്കമണിയിലെയും മറ്റുമുള്ള ആളുകളെ പറഞ്ഞിക്കാൻ വേണ്ടിയാണ് ഇതെല്ലാം ചെയ്യുന്നത്. ഞങ്ങൾ സി.എം.പി. കാർ നിരാഹാരം പ്രഖ്യാപിച്ചത് പറഞ്ഞിക്കാൻ വേണ്ടിയല്ല. ഞാൻ ചോദിക്കുന്നത് ഈ സമരം എങ്ങനെ തീർന്നുയെന്ന് എന്നോട് ചോദിക്കാൻ നിങ്ങൾക്ക് നാണമില്ലേ. തങ്കമണിയിലെ സമരസമിതി സമരം മാറ്റിവച്ചു. സി.പി.എം. കാരും അതിലുണ്ട്. നാണംകെട്ടവർ അവരോട് പോയി ചോദിക്ക്, എന്നോടല്ല ചോദിക്കേണ്ടത്. അവർ കരുണാകരന്റെ ഏജൻസി പണിയാണോ എടുത്തത്. വെറുതെ എന്നെക്കൊണ്ട് ഓരോന്ന് പറഞ്ഞ് പറയിക്കാതെ. (ബഹളം)..... .....ശരിക്ക് എണീറ്റു പറയണം അല്ലെങ്കിൽ അച്ചുതാനന്ദൻ വിടില്ല. ശരിക്ക് പറഞ്ഞോ. നാളെ പത്രത്തിൽ വരും. (ബഹളം)

മി. സ്പീക്കർ : ഇങ്ങനെയാണെങ്കിൽ സഭ നടത്തിക്കൊണ്ടുപോകാൻ പറ്റുകയില്ല.

ശ്രീ. എം. വി. രാഘവൻ : സർ, ഈ ബില്ലിന്റെ ചർച്ചയിൽ ഇതൊന്നും കൊണ്ടുവരാൻ ഞാനാഗ്രഹിച്ചതല്ല. പ്രതിപക്ഷത്തിരിക്കുന്ന ഒരു മെംബർ ഈ രാജ്യത്ത്, പ്രത്യേകിച്ച് തങ്കമണി പോലുള്ള ഈ സംവേത്തിൽ നടത്തിയ സമരവും അതിന് മുഖ്യമന്ത്രി നൽകിയ ഉറപ്പിനെയും പരിഹസിക്കാൻ പുറപ്പെട്ടതുകൊണ്ടാണ് എനിക്കതിനെപ്പറ്റി പറയേണ്ടി വന്നത്. സി.പി.എം. ഉൾപ്പെടെയുള്ള അവിടത്തെ പ്രാദേശിക പൗരസമിതി മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം മാറ്റി വച്ചു. ആ സമിതിയുടെ അഭ്യർത്ഥന മാനിച്ചാണ് ഞാൻ ഈ നിരാഹാരം തുടങ്ങിയത്. അതിന്റെ അടിസ്ഥാനത്തിലാണ് നിർത്തിവച്ചതെന്നും ഈ സഭയോട് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. തങ്കമണി പ്രശ്നത്തിൽ മുഖ്യമന്ത്രി പോലീസ് സർക്കിൾ ഇൻസ്പെക്ടറെ "തമ്പാനെ" സസ്പെൻഡ് ചെയ്യാമെന്നും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വെടി വയ്പിൽ മരിച്ചയാളിന്റെ കുടുംബത്തിനും മറ്റ് കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്കും സഹായം നൽകാമെന്നും തന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ സമരം തൽക്കാലം ഞങ്ങൾ മാറ്റി വച്ചത്. മുഖ്യമന്ത്രി ആ ഉറപ്പ് പാലിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. നിങ്ങളെപ്പോലെ പറയിക്കാനുള്ള സമരമല്ല ഇത് അത്രയേ ഞാൻ പറയുന്നുള്ളു. ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാനാണ് ഞാൻ ഉദ്ദേശിച്ചത്. എന്നെക്കൊണ്ട് പറയിച്ചത് വേറെ ആളുകളാണ്. ഞാനത് ഉദ്ദേശിച്ചതല്ല.

മി. സ്പീക്കർ : ഇത് സമുദ്ര മൽസ്യബന്ധന നിയന്ത്രണ ബില്ലാണല്ലോ.

ശ്രീ. എം. വി. രാഘവൻ : സർ, സമുദ്ര എം. വി. രാഘവന്റെ നിരാഹാരത്തിനപ്പുറത്തെത്തിയതുകൊണ്ടാണ് പറഞ്ഞത്.

മി. സ്പീക്കർ : ശ്രീ. രാഘവൻ അങ്ങേക്ക് ബില്ലിനെക്കുറിച്ച് വല്ലതും പറയാനുണ്ടെങ്കിൽ പറയൂ, അല്ലെങ്കിൽ നിർത്തൂ,

. . ശ്രീ. രാഘവനു മൽസ്യബന്ധനത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ ഉണ്ടാകില്ലേ ?

ശ്രീ. എം. വി. രാഘവൻ : സർ, ബില്ലിനെപ്പറ്റിയുള്ള എന്റെ ഭേദഗതി നിർദ്ദേശം പറഞ്ഞുയെന്നേയുള്ളു. മൽസ്യബന്ധന നിയമത്തിൽ വരുത്താനുള്ള ഭേദഗതി, അപ്പീൽ അതോറിറ്റി കളക്ടറായി നിശ്ചയിക്കുമ്പോൾ അദ്ദേഹത്തിന് കൃത്യനിർവഹണം ധാരാളം ഉള്ളതുകൊണ്ട് അത്യാവശ്യമില്ല. ഒരു അമെൻറ്മെൻറ് ഗവൺമെൻറ് തന്നെ കൊണ്ടുവരണം. അല്ലെങ്കിൽ ഞാനെഴുതിത്തരാം. എ. ഡി. എം. നെയോ മറ്റ് ഉദ്യോഗസ്ഥൻമാരെയോ ഏൽപ്പിക്കുന്നതാണ് കുറച്ചുകൂടി പ്രയോജനപ്രദം എന്നാണ് ഞാൻ പറഞ്ഞത്. മറെറാന്ന്, എന്റെ നിയോജകമണ്ഡലത്തിലെ കടപ്പുറം ഇന്ന് വലിയൊരു സംഘർഷ മേഖലയാണ് ഗവൺമെൻറ് പോലീസിനെയും ആവശ്യമായിട്ടുള്ള മിഷനറിയെയും ഏർപ്പെടുത്താത്തതുകൊണ്ട് വലകൊണ്ട് മൽസ്യം പിടിക്കുന്ന പാവപ്പെട്ട മൽസ്യ തൊഴിലാളികൾക്ക് മൽസ്യം പിടിക്കാൻ കഴിയുന്നില്ല. അന്യ സ്റേറററുകളിൽ നിന്നും വരുന്ന പ്രത്യേകിച്ചും മംഗലാപുരത്ത് നിന്നും മറ്റും വരുന്ന യന്ത്രവൽകൃത ബോട്ടുകാർ ഇവരെ ആക്രമിക്കും. ശാരീരികമായി ആക്രമിക്കും. അവർ നിയമലംഘനം മാത്രമല്ല നടത്തുന്നത്. അതിനെതിരായി ഗവൺമെൻറ് യാതൊരു നടപടിയുമെടുക്കുന്നില്ല. നിയമം നടപ്പിൽ വരുത്താൻ ശ്രമിക്കുമ്പോൾ അതാണ് ഗവൺമെൻറ് ചെയ്യേണ്ടത്, അത്തരം കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഞാൻ രാഷ്ട്രീയത്തിലേക്ക് പോയില്ല, എന്നെ അതിലേക്ക് വലിച്ചിഴക്കുകയാണ്. അത്രയേ ഞാൻ പറയുന്നുള്ളു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഇത് വളരെ ഷോർട്ടായിട്ടുള്ള ഒരു ബില്ലാണ്. ആ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് അധികമൊന്നും പറയാനില്ല; ഇതിനുമുമ്പ് അപ്പീൽ കേൾക്കുന്നതിനുണ്ടാക്കിയ സംവിധാനത്തിൽ അതിന് ചുമതലപ്പെട്ടവർക്ക് പ്രയോഗത്തിൽ വേണ്ടത്ര ജോലിയില്ലാതിരുന്നതുകൊണ്ട് കളക്ടറെകൂടി ഏൽപ്പിക്കുകയെന്നുള്ളതാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. മുമ്പുണ്ടായിരുന്ന സംവിധാനത്തിൽ തീരെ കേസുകൾ ഇല്ലാതായിപ്പോയതാണ് തകരാറ്. ഇന്ന് ഭയപ്പെടുന്നത് ഈ പുതിയ സംവിധാനത്തിനതു കഴിയുമോ എന്നതാണ്. അതായത് കളക്ടർക്ക്, അപ്പീൽ കേൾക്കാൻ സമയമുണ്ടാകുമോ ? കളക്ടർക്കാണെങ്കിൽ ഇല്ലാത്ത ജോലികളൊന്നുമില്ല. ജില്ലയിലെ സകല ജോലികളും അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അക്കൂട്ടത്തിൽ അപ്പീലുകളും കേട്ട് ഡിസ്പോസുകളും നടത്തുന്നതിന് എത്രകൊല്ലം പിടിക്കുമെന്നും എത്രയധികം പാടുപെടേണ്ടിവരുമെന്നും പറയാൻ കഴിയില്ല. അത് വരാതിരിക്കത്തക്കവണ്ണം ഈ ജോലി ചെയ്തു തീരത്തക്കവണ്ണം എന്ത് ഏർപ്പാടുകളും എന്തു സഹായങ്ങളും, മറ്റ് സൗകര്യങ്ങളും ചെയ്തു കൊടുക്കാൻ കഴിയുമെന്നുള്ളതുകൂടി ഈ ദേഗതി നടപ്പിലാക്കുമ്പോൾ ഗവൺമെൻറ് ആലോചിക്കേണ്ടതാണെന്നു മാത്രമേ ഈ ബില്ലിനെപ്പറ്റി പറയാനുള്ളു. ഇങ്ങനെയൊരു ബിൽ പാസാക്കുന്നതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമാകുകയില്ല. ശ്രീ. എം. വി. രാഘവൻ ഇവിടെ പറഞ്ഞതുപോലെ കണ്ണൂരിൽ മാത്രമല്ല തീരപ്രദേശങ്ങളിലാകെ സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. പുറംകടലിൽ ഏറുമുട്ടലാണ്. ഇത് നിയന്ത്രിക്കാൻ നമുക്ക് ഏർപ്പാടൊന്നുമില്ല. ഇവിടെ മൽസ്യബന്ധന വകുപ്പിന് നൽകിയിരിക്കുന്നത് മൂന്ന് സ്പീഡ് ബോട്ടുകളും 32 അടിവീതിയുള്ള ആറ് ബോട്ടുമാണ് ആകെ കൈയിലുള്ളത്. ഫിഷറീസ് വകുപ്പിന്റെ ചില ഉദ്യോഗസ്ഥൻമാർകൂടി ആ ബോട്ടുകളിലായി പോകുമെന്നാണ് പറയുന്നത്. പിന്നെ പോലീസിന്റെ സഹായമാവശ്യപ്പെടുമെന്നാണ് പോലീസിന് എവിടെയൊക്കെ പോകണം, തങ്കമണിയിൽ പോകുമോ കടലിൽ പോകുമോ ? എവിടെപ്പോകണമെന്നറിയില്ല. അപ്പോൾ ഫലത്തിൽ ഇത് നിയന്ത്രിക്കുന്നതിനുള്ള ഏർപ്പാടൊന്നുമില്ല. ഇപ്പോൾ തൈവാനിൽ നിന്നും ഫിലിപ്പൈൻസിൽ നിന്നും ജപ്പാനിൽനിന്നുമൊക്കെയുള്ള ആളുകൾ വന്ന് മീൻപിടിച്ചുകൊണ്ടു പോകുകയാണ്. നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. പാരമ്പരാഗത തൊഴിലാളികളും യന്ത്രവൽക്കൃത ബോട്ടുകളിൽ ജോലി ചെയ്യുന്ന ആളുകളും തമ്മിൽ സംഘട്ടനമാണ്. പിടിക്കുന്ന മൽസ്യം കടലിൽ വച്ചുതന്നെ കൈമാറ്റം നടക്കുന്നു. അഴിമതി നടക്കുന്നു. സർക്കാരിന്റെ വക ബോട്ടിൽ പിടിക്കുന്ന മൽസ്യങ്ങൾ വേറെ ആളുകൾക്ക് കടലിൽ വച്ചുതന്നെ കച്ചവടം നടത്തുകയാണ്. സർക്കാരിന് ഒന്നും കിട്ടാതെ വരുന്നു. കടലിൽ മൽസ്യം തന്നെയില്ലാതാകുന്നു. പെഴ്സീൻ ബോട്ടുപയോഗിച്ച് മൽസ്യം പിടിക്കുന്നതിനാൽ മൽസ്യ സമ്പത്തുതന്നെ നശിപ്പിക്കപ്പെടുകയാണ്. ഇത്തരത്തിലുള്ള നൂറുനൂറ് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്ന് നമ്മളിവിടെ ഉണ്ടാക്കി വച്ചിരിക്കുന്ന മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ അപര്യാപ്തമാണെന്നാണ് കഴിഞ്ഞ രണ്ടുകൊല്ലക്കാലത്തെ അനുഭവം തെളിയിക്കുന്നത്. അപ്പോൾ അത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് സമഗ്രമായിട്ട് എല്ലാവരുംകൂടിയിരുന്ന് ആലോചിച്ച് ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുന്ന വേറെ നിയമങ്ങൾ കൊണ്ടു വരുകയെന്നുള്ളത് അടിയന്തിരാവശ്യമായിത്തീർന്നിരിക്കുകയാണ്. ഇതെല്ലാം തൽക്കാലം പേപ്പർ വർക്ക് മാത്രമാണ്. ഇതുകൊണ്ട് പ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെടാൻ പോകുന്നില്ല. അതിനെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കണം. ഗവൺമെൻറും ഫിഷറീസ് വകുപ്പും ലാ ഡിപ്പാർട്ടുമെൻറും ഒന്നിച്ചിരുന്നാലോചിച്ചിട്ട് തീരുമാനിക്കണം. കഴിഞ്ഞ രണ്ട് ദശകങ്ങളിലായി കേരളത്തിൽ പൊന്തിവന്ന, വളരാൻ വലിയ സാദ്ധ്യതയുണ്ടെന്ന് എല്ലാവർക്കും തോന്നിയ രണ്ട് മേഖലകളാണ് ടൂറിസവും മൽസ്യബന്ധനവും. ഇതു രണ്ടും കീഴോട്ട് പോയിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ വാസ്തവത്തിൽ സർവ്വനാശോന്മുഖമായ അധഃപതനത്തിന്റെ മേഖലയായി ഫിഷിംഗ് നിലകൊള്ളുകയാണ്. ഫിഷിംഗിനെയും ടൂറിസത്തെയുമെങ്കിലും നമുക്ക് രക്ഷിക്കാൻ കഴിയുമോ ? കഴിയുന്നതിന് ഗവൺമെൻറിന് എന്തു ചെയ്യാൻ കഴിയും ? നിയമനിർമ്മാണം എന്തുനടത്താൻ കഴിയുമെന്നൊക്കെ ആലോചിച്ച് (രാഷ്ട്രീയമായ നക്കാപ്പിച്ച ആനുകൂല്യത്തിനുവേണ്ടി സമയം മുഴുവൻ കളയാതെ) വേണ്ട പോംവഴിയുണ്ടാക്കേണ്ടതിന്റെ അടിയന്തിര ആവശ്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

2/1931/87/V.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, സബ്ജക്ട് കമ്മിറ്റിയിൽ നമ്മുടെ മെമ്പർമാർ ഇതിനെപ്പറ്റി വിശദമായി ചർച്ച ചെയ്തതാണ്. ആ സ്ഥിതിക്ക് ഇത് ഇനി പൊതുജനാഭിപ്രായത്തിന് വിട്ടുകൊടുക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതിന്റെ ആവശ്യം തന്നെയില്ല. അതുകൊണ്ട് ഈ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച രൂപത്തിൽതന്നെ ഈ ബിൽ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം. കെ. കേശവൻ അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടെകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ് :

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വകുപ്പ്

Shri Kanam Rajendran : Sir, I move that

(1) 'In section 18 of the principal Act proposed to be substituted by clause 3 in sub-section (1) for the words "within thirty days from the date on which the order is made", substitute the words "within thirty days from the date of receipt of the order".

(2) 'In section 18 of the principal Act proposed to be substituted by clause 3, in the proviso to sub-section (1) for the words "if he is satisfied that the appellant was prevented by sufficient cause from filing the appeal in time" substitute the words "for good and sufficient reasons to be recorded in writing".

(3) In section 18 of the principal Act proposed to be substituted by clause 3 in the proviso to sub-section (2) delate the words either uneconomically or"

(4) After sub-section (3) of section 18 of the principal Act proposed to be substitute by clause 3, add the following sub-section as subsection (4) namely :—

"(4) Where the District Collector entertains appeal after dispensing with the deposit under the proviso to sub-section (2) and if the order appealed against is not set aside or as the case may be, if the order appealed against is modified involving the depositing of penalty the appellant shall deposit such amount by way of penalty as may be ordered by the Distrsit Collector".

' Any person aggrieved by an order of the adjudicating officer may within thirty days from the date on which the order is made ; എന്നു പറയുന്നിടത്താണ് എന്റെ ആദ്യത്തെ ഭേഗതി ' order is made ' എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ട് ഓർഡർ പുറപ്പെടുവിച്ചു കഴിഞ്ഞാൽ അപ്പീൽ കൊടുക്കണമെങ്കിൽ സ്വാഭാവികമായും അതിന്റെ സർട്ടിഫൈഡ് കോപ്പി വേണം. സർട്ടിഫൈഡ് കോപ്പി കിട്ടുന്നതിനുള്ള കാലതാമസം പലപ്പോഴും ഉണ്ടാകാറുണ്ടെന്നുള്ളത് ശരിയാണ്, 'within thirty days from the date on which the order is made' എന്നുള്ളതിന് പകരം 'within thirty days from the date of receipt of the order' എന്നാക്കി മാറ്റണമെന്നുള്ളതാണ് എന്റെ ഭേഗതി. സിവിൽ പ്രൊസ്യൂഡ്യുവർ കോഡനുസരിച്ചുള്ള വ്യവസ്ഥകളും ഇതുതന്നെയാണ്. അപ്പീൽ നൽകുന്നതിനുകൂടി ഇത് ബാധകമാക്കണമെന്നുള്ളതാണ് എന്റെ 36-ാമത്തെ ഭേഗതി. 31-ാമത്തെ ഭേഗതിയിൽ " if he is satisfied that the appellant was prevented by sufficient cause from filing the appeal in time ". എന്നാണ് ഇപ്പോഴത്തെ നിയമത്തിൽ പറയുന്നത്. അത് കേവലം ഒരു സാറിസ്ഫാക്ഷൻ മാത്രം പോരാ. കളക്ടർക്ക് മാത്രം ബോദ്ധ്യപ്പെട്ടാൽ പോരാ. ഇത് ഒരു സ്പീക്കിംഗ് ഓർഡർ ആക്കണം. അതുകൊണ്ട് അത് റിക്കാർഡ്ചെയ്യണമെന്നുള്ളതാണ് എന്റെ ഭേഗതി. ഇതൊരു ജുഡിഷ്യൽ നേച്ചറുള്ള തീരുമാനമാണ്. സാധാരണഗതിയിൽ കോടതിയിലെ പ്രൊസ്യൂഡുവർ അനുസരിച്ച് ഇവിടെ തീരുമാനം എടുക്കുന്നതിനുള്ള കാരണമെന്തൊക്കെയെന്നുള്ളത് റിക്കാർഡ് ചെയ്യണം. അതിനാണ് 37-ാമത്തെ ഭേഗതി ഞാൻ അവതരിപ്പിക്കുന്നത്. 39-ാമത്തെ ഭേഗതിയിൽ 'by order in writing dispense with such deposit either unconditionally or' എന്നാണ് പറയുന്നത്. അൺ കണ്ടീഷണലി എന്നുള്ളത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ 39-ാമത്തെ ഭേഗതി. സെയിൽസ് ടാക്സ് ട്രൈബ്യൂണലിൽ പോയാലും മറേത് അപ്പീലിന് പോയാലും പിഴ കെട്ടിക്കഴിഞ്ഞതിനുശേഷംമാത്രമേ അപ്പീൽ സ്വീകരിക്കുകയുള്ളൂ. എന്നാൽ ഇവിടെ പാർട്ടിക്ക് ബുദ്ധിമുട്ടുണ്ടെന്നും കളക്ടർക്ക് ബോദ്ധ്യം വന്നാൽ അൺഡ്യൂ ഹാർഡ്ഷിപ്പ് ഉണ്ടെന്നും കളക്ടർക്ക് ബോദ്ധ്യപ്പെട്ടാൽ പിഴ അടയ്ക്കാതെതന്നെ അപ്പീൽ സ്വീകരിക്കാമെന്നാണ് പറയുന്നത്. പിഴ അടയ്ക്കാതിരുന്നാൽ തീരുമാനമെടുക്കുന്നതിനുള്ള യാതൊരു ഉപാധിയും ഇല്ലാതെ ആകുന്നുണ്ട്. അതുകൊണ്ട് ഒരു ഉപാധിയുമില്ലാതെ പണം കെട്ടാതിരുന്നാലും തീരുമാനമെടുക്കാമെന്നുള്ള ഒരു സ്ഥിതി ഉണ്ട്. അതുകൊണ്ട് അൺകണ്ടിഷണലി എന്നുള്ളത് ഒഴിവാക്കണം. സാധാരണഗതിയിൽ ഇങ്ങനെയുള്ളതൊക്കെ എക്സംപ്റ്റ് ചെയ്യുന്നത് പബ്ലിക് ഇൻറസ്റ്റിൽ ആണ്. ഇത് വ്യക്തിയുടെ ഇൻറസ്റ്റാണ്. അതുകൊണ്ട് സ്വാഭാവികമായിട്ടും ഇത് പ്രൈവറ്റ് ഇൻറസ്റ്റാണ്. അതുകൊണ്ട് അൺകണ്ടിഷണൽ എന്നുള്ളത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ 39-ാമത്തെ ഭേഗതി. 40-ാമത്തെ ഭേഗതി ഞാൻ മൂവ് ചെയ്യുന്നത് ജില്ലാ കളക്ടർക്ക് പിഴ അടയ്ക്കാതെ അപ്പീൽ സ്വീകരിക്കാനുള്ള അധികാരം ഈ മുൻപറഞ്ഞ വകുപ്പനുസരിച്ച് ഉണ്ട്. എന്നുള്ളതുകൊണ്ടാണ് അപ്പോഴും മൂല നിയമത്തിൽത്തന്നെ 18-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പ് (A) അനുസരിച്ച് അപ്പീൽ തീരുമാനമെടുത്തു കഴിഞ്ഞാൽ പാർട്ടി ഇപ്പോഴും ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക അതിനേക്കാളും കൂടുതലാണെന്നുണ്ടെങ്കിൽ അത് തിരിച്ചു കൊടുക്കണം. അതേസമയം ജില്ലാ കളക്ടർ ഓർഡർ റദ്ദാക്കുകയാണെങ്കിൽ അയാളും അടച്ചിട്ടുള്ള പണം മുഴുവനും പാർട്ടിക്ക് തിരിച്ചു കൊടുക്കും. പിഴ അടയ്ക്കാതെ അൺഡ്യൂ ഹാർഡ്ഷിപ്പ് പാർട്ടിക്കുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കളക്ടർക്ക് ബോദ്ധ്യപ്പെട്ടാൽ, കളക്ടറുടെ സാറിസ്ഫാക്ഷനു വിധേയമായി ഒരു കേസ് എടുക്കുകയാണെങ്കിൽ ആ കേസിൽ നേരത്തെ ഉണ്ടായിരുന്ന ശിക്ഷ ശരിവച്ചു കഴിഞ്ഞാൽ ഇയാളും പണം അടയ്ക്കണമെന്ന നിബന്ധന മൂലംനിയമത്തിലും ഇല്ല. (ശ്രീ. ടി. എസ്. ജോൺ പറഞ്ഞത് ശരിയല്ല.) ഈ ഭേഗതിയിലും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് 40-ാമത്തെ ഭേദഗതി അവതരിപ്പിച്ചത്. അങ്ങനെയുള്ള പണം അടയ്ക്കുന്നതിന് നിയമദൃഷ്ട്യാ, അയാൾ ബാദ്ധ്യസ്ഥനാകുന്ന ഒരു ഭേദഗതിവേണം. അതിനാണ് എന്റെ 40-ാമത്തെ ഭേദഗതി.

Shri T. P. Peethambaran Master : Sir, I move that—

(1) "In section 18 of the principal Act proposed to be substituted by clause 3, in sub-clause (3) delete the words " and the decision of the District Collector shall be final ".

(2) 'In section 18 of the principal Act proposed to be substituted by clause 3, add the following sub-sections after sub-section (3) namely:—

"(4) Any person, who feels his grievance not redressed by the decision of the District Collector concerned within a period of thirty days, may prefer an appeal before the Government on decision of the District Collector.

(5) On receipt of the appeal, the Goverrtment may after giving the parties concerned a reasonable opportunity of being heard confirm, or modify or set aside the order appealed against ". ഇത് പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. അപ്പലേറ്റ് ബോർഡ് എന്നത് നീക്കി, ഡിസ്ട്രിക്ട് കളക്ടർക്ക് ഇത് കേൾക്കാനുള്ള അധികാരം കൊടുക്കുന്ന ഭേദഗതിയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. 41-ൽ പറയുന്നത് ' the decision of the District Collector shall be final ' എന്നാണ്. ഡിസ്ട്രിക്ട് ജഡ്ജിയെ പോലെയുള്ള ഒരാൾ ചെയർമാനായിക്കൊണ്ട് മൂന്നുപേർ അടങ്ങുന്ന ബോർഡാണ് ഒറിജിനൽ നിയമത്തിലുള്ളത്. അത് മാറ്റി ഇൻഡിവിഡ്വൽ എന്ന നിലയ്ക്ക് കളക്ടർ മാത്രമായിട്ട് ഒരു തീരുമാനമെടുക്കുകയും അത് ഫൈനലായി വരുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ തീരുമാനം പുനഃപരിശോധിക്കാനോ അല്ലെങ്കിൽ അതിനെതിരെ പരാതി കൊടുക്കാനോ സന്ദർഭം ഇല്ലാത്ത പരിതഃസ്ഥിതിയിൽ കളക്ടർ മാത്രമായിട്ട് ഒരു ഡിസിഷൻ ഉണ്ടാകുന്നു എന്ന് ആശ്രഹിക്കുകയാണ്. അതുകൊണ്ടാണ് ആ ഭാഗം ഡിലീറ്റ് ചെയ്യണമെന്ന് പറയുന്നത്. 42-ാമത്തെ ഭേദഗതി ഇതിന്റെ തുടർച്ചയായിട്ടുള്ളതാണ്. കളക്ടർ ഈ കാര്യത്തിൽ തീരുമാനം എടുത്തുകഴിഞ്ഞാൽ അതിൽ പരാതി പരിഹരിക്കപ്പെട്ടിട്ടില്ല എന്നു തോന്നുന്ന അല്ലെങ്കിൽ, എന്തെങ്കിലും പരാതി ആർക്കെങ്കിലും പുതുതായിട്ട് തോന്നിയാൽ ഗവൺമെന്റിൽ അപ്പീൽ കൊടുക്കാൻ അവകാശമുണ്ടാകണമെന്നാണ് 42-ാം ഭേദഗതിയിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അങ്ങനെ ഗവൺമെന്റിൽ അപ്പീൽ കിട്ടിയാൽ ഗവൺമെന്റ് മേഖകളും പരിശോധിച്ച ശേഷം യുക്തമായ തീരുമാനമെടുക്കാൻ ഗവൺമെന്റിന് അധികാരം ഉണ്ടായിരിക്കണം. ഡിസ്ട്രിക്ട് കളക്ടറുടെ ഡിസിഷനു മുകളിൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഫൈനലായിട്ടുള്ള തീരുമാനമെടുക്കാൻ അധികാരമുണ്ടാകണമെന്നാണ് ഈ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്. ഇവിടെ വളരെ സ്വാധീനവും സമ്മർദ്ദവും ചെലുത്താൻ കഴിയുന്ന ആളുകളാണ് വലിയ ബോട്ടുകളിൽ മീൻപിടിക്കാൻ രംഗത്ത് ഇറങ്ങിയിട്ടുള്ളത്. വലിയ കുത്തകമുതലാളിമാർ ഉണ്ട്. ആ നിലയ്ക്ക് ഡിസ്ട്രിക്ട് കളക്ടറുടെ മാത്രമായ തീരുമാനം ഫൈനലായിട്ട് വരുന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സാധാരണ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടത്ര മതിയാകുകയില്ല എന്ന കാര്യം വ്യക്തമാണ്. അതുകൊണ്ട് ഈ ബില്ലിൽ അപ്പീലിനുള്ള പ്രൊവിഷൻ കൂടി വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, പുതുതായി നിർദ്ദേശിച്ചിരിക്കുന്ന Section 18 (1)-ൽ അപ്പീൽ സ്വീകരിക്കാനുള്ള കാലാവധി " within thirty days from the date on which the order is made" എന്ന് ആക്കണമെന്നാണ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്. ഈ ഭേദഗതി പല രീതിയിലും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുകയേയുള്ളൂ. കൂടാതെ ഇതിന്റെ പ്രൊവൈസോയിൽ ഡിസ്ട്രിക്ട് കളക്ടർക്ക് അവധിദിവസം വരെയുള്ള സമയത്തിനുള്ളിൽ അപ്പീൽ സ്വീകരിക്കാവുന്നതാണ് എന്ന വ്യവസ്ഥയുമുണ്ട്. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ല. മറെറാരു ഭേദഗതി ' sufficient reasons to be recorded ' ഇപ്പോഴും നിർദ്ദേശിക്കുന്ന പ്രൊവൈസോ അപര്യാപ്തമാണ്. സെക്ഷൻ 18-ന്റെ രണ്ടാം ഉപവകുപ്പിൽ പ്രൊവൈസോ ആവശ്യമില്ലെന്നും അതിലുള്ള ' either unconditionally or'. എന്ന വാക്കുകളും ഡിലീറ്റ് ചെയ്യണമെന്ന ഭേദഗതിയും സ്വീകാര്യമല്ല. കാരണം ഇത് അപ്പീൽ വാദികൾക്ക് അൺഡ്യൂ ഹാർഡ്ഷിപ്പ് ഉണ്ടാക്കും. സെക്ഷൻ 80-ന് ഒരു ഉപവകുപ്പ് കൂടിചേർത്ത് ഡിസ്ട്രിക്ട് കളക്ടറുടെ അപ്പീൽ അവാർഡിനുള്ള പിഴ ഡിപ്പോസിറ്റ് ചെയ്യുന്നതിനുകൂടി വ്യവസ്ഥ ചെയ്യുന്നതിനുള്ളതാണ് കാനം രാജേന്ദ്രന്റെ ഭേദഗതി. പിഴ ഉടൻതന്നെ അടയ്ക്കുന്നതിന് അപ്പീൽവാദി ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് അതിലേക്കും ഒരു പ്രത്യേക ഉപവകുപ്പ് ആവശ്യമില്ല. പിന്നീട് കാനം രാജേന്ദ്രൻ പറഞ്ഞു, കേരളം, കർണ്ണാടകം, ഗോവ എന്നീ സംസ്ഥാനങ്ങളുടെ സംയുക്ത നടപടി ഉണ്ടാകണമെന്ന്. ഇൻഡ്യയുടെ പടിഞ്ഞാറൻ കടലിലെ മൽസ്യസമ്പത്ത് സംരക്ഷിക്കാനായി ഇപ്പോഴത്തന്നെ ഒരു സംയുക്ത സമിതി, കേരള ഫിഷറീസ് ഡയറക്ടർ കൺവീനറായിട്ടുണ്ട്. സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം അനുസരിച്ചുള്ള നടപടികളും ശക്തമാക്കേണ്ട കാര്യം ഇവിടെ പറഞ്ഞു. ഒരു ഡി. ഐ. ജി. യും ഗാർഡുകളും മാത്രമാണ് മുൻപ് ഉണ്ടായിരുന്നത്. കഴിഞ്ഞ സെപ്റ്റംബറിൽ ഈ സംവിധാനം ശക്തമാക്കപ്പെട്ടു. ഒരു ഡി.വൈ.എസ്.പി.യും മൂന്നു സി.ഐ.മാരും 6 എസ്.ഐ. മാരും 12 ഹെഡ് കോൺസ്റ്റബിൾമാരും 36 ഗാർഡുകളും പട്രോളിംഗിനുവേണ്ടി അധികമായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ടി. പി. പീതാംബരൻ മാസ്റ്ററുടെ ഭേദഗതി അനുസരിച്ചുള്ള കളക്ടറുടെ തീരുമാനത്തിൻമേൽ ഗവൺമെൻറും അപ്പീൽ അധികാരിയാക്കണം. രണ്ടാമത് ഒരു അപ്പീൽകൂടി കൊടുക്കുന്നത് വ്യവഹാരം നീട്ടിക്കൊണ്ടുപോകുന്നത് കൂടുതൽ കാലതാമസത്തിന് ഇടവരുകയേയുള്ളൂ. അതുകൊണ്ട് ഈ ഭേദഗതി സ്വീകാര്യമല്ല. ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 36-ാം നമ്പർ ഭേദഗതിയെ വോട്ടിനിട്ട് നിരാകരിച്ചു. ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 37-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു. ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 39-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു. ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 40-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ പോയേ ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം സഭ വോട്ടുരേഖപ്പെടുത്തി വോട്ടെടുപ്പ് നടത്തപ്പെട്ടു.)

അനുകൂലിക്കുന്നവർ—39

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബിജോൺ
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. ഒ. ഭരതൻ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. കെ. ചന്ദ്രശേഖരൻ
8. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. സിറിയക്ക് ജോൺ
10. ശ്രീമതി പി. ദേവൂട്ടി
11. ശ്രീ. കെ. ജെ. ജോർജ്ജ്
12. ,, എസ്. ഗോവിന്ദക്കുറുപ്പ്
13. ,, ടി. കെ. ഹംസ
14. ,, ഇ. കെ. നായനാർ
15. ,, വി. സി. കബീർ
16. ,, കെ. ടി. കണാരൻ
17. ,, വി. കേശവൻ
18. ,, കെ. കൃഷ്ണൻ കുട്ടി
19. ,, കെ. ടി. കുമാരൻ
20. ,, പി. കുമാരൻ
21. ,, പി. വി. കുഞ്ഞിക്കണ്ണൻ
22. ,, ലോനപ്പൻ നമ്പാടൻ
23. ,, സി. പി. മൂസാൻകുട്ടി
24. ,, കെ. മൂസക്കുട്ടി
25. ,, ഇ. പത്മനാമൻ
26. ശ്രീ. കെ. പങ്കജാക്ഷൻ
27. ,, ടി. പി. പീതാംബരൻ മാസ്റ്റർ
28. ,, കെ. പുരുഷോത്തമൻ
29. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലിൽ
30. ശ്രീ. വർക്കല രാധാകൃഷ്ണൻ
31. ,, കഠനം രാജേന്ദ്രൻ
32. ,, കെ. ശങ്കരനാരായണപിള്ള
33. ,, എ. കെ. ശശീന്ദ്രൻ
34. ,, കെ. വി. സുരേന്ദ്രനാഥ്
35. ,, വി. ജെ. തങ്കപ്പൻ
36. ,, എസ്. ആർ. തങ്കരാജ്
37. ,, പി. സി. തോമസ് (കടുത്തുരുത്തി)
38. ,, ആർ. എസ്. ഉണ്ണി
39. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. പി. എം. അബൂബേക്കർ
2. ,, കെ. അവുക്കാദർ കുട്ടിനഹ
3. ,, പി. കെ. കെ. ബാവ
4. ,, വി. ദിനകരൻ
5. ,, എ. ജോർജ്
6. ,, പി. സി. ജോർജ്ജ്
7. ,, കെ. എം. ഹംസക്കുഞ്ഞ്
8. ,, എം. എം. ഹസ്സൻ
9. ,, എ. എൽ. ജേക്കബ്
10. ,, ടി. എസ്. ജോൺ
11. ,, എ. സി. ജോസ്
12. ,, ജോസ് കുറിയാനി
13. ഡോക്ടർ കെ. സി. ജോസഫ്
14. ശ്രീ. കെ. കെ. നായർ
15. ,, മണിമംഗലത്തു കുട്ട്യാലി
16. ,, കെ. പി. എ. മജീദ്
17. ,, ഇ. ടി. മുഹമ്മദ് ബഷീർ
18. ,, പി. എ. മുഹമ്മദ്കണ്ണ്
19. ശ്രീ. പി. വി. മുഹമ്മദ്
20. ,, കെ. എസ്. നാരായണൻ നമ്പൂതിരി
21. ,, കെ. പി. നൂറുദ്ദീൻ
22. ,, ഉമ്മൻ ചാണ്ടി
23. ,, കെ. രാഘവൻ മാസ്റ്റർ
24. ,, രാഘവൻ പൊഴക്കടവിൽ
25. ,, കെ. പി. രാമൻ
26. ,, തോപ്പിൽ രവി
27. ,, എൻ. ശക്തൻനാടാർ
28. ,, പി. സീതിഹാജി
29. ,, നാലകത്തു സൂപ്പി
30. ,, കോട്ടക്കുഴി സുകുമാരൻ
31. ,, വി. സുരേന്ദ്രൻപിള്ള
32. ,, കെ. കെ. തോമസ്
33. ,, തോമസ് കല്ലമ്പള്ളി
34. ,, ടി. വി. വിജയരാജൻ
35. ,, സ്റ്റീഫൻ പാടുവ

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ—39

പ്രതികൂലിക്കുന്നവർ—35

ന്യൂട്രൽസ്—ആരുമില്ല.

ഭേഗതി അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ അവതരിപ്പിച്ച 41-ാം നമ്പർ
12 NOON] ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ.ടി.പി. പീതാംബരൻ മാസ്റ്റർ : ഞാൻ പോയ്ക ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—41

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബിജോൺ
4. ,, കെ. കെ. ബാലകൃഷ്ണൻ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ചന്ദ്രശേഖരൻ
9. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
10. ,, സിറിയക്ക് ജോൺ
11. ശ്രീമതി പി. ദേവൂട്ടി
12. ശ്രീ. കെ. ജെ. ജോർജ്ജ്
13. ,, എസ്. ഗോവിന്ദക്കുറുപ്പ്
14. ,, ടി. കെ. ഹംസ
15. ,, കെ. ഇ. ഇസ്മയിൽ
16. ,, ഇ. കെ. നായനാർ
17. ,, വി. സി. കബീർ
18. ,, കെ. ടി. കണാരൻ
19. ,, എം. കെ. കേശവൻ
20. ,, കെ. കൃഷ്ണൻ കുട്ടി
21. ,, കെ. ടി. കുമാരൻ
22. ,, പി. കുമാരൻ
23. ,, പി. വി. കുഞ്ഞിക്കണ്ണൻ
24. ,, ലോനപ്പൻ നമ്പാടൻ
25. ,, കെ. മൂസ്സക്കുട്ടി
26. ,, എ. കെ. പത്മനാഭൻ
27. ,, ഇ. പത്മനാഭൻ
28. ,, കെ. പങ്കജാക്ഷൻ
29. ,, ടി. പി. പീതാംബരൻ മാസ്റ്റർ
30. ,, കെ. പുരുഷോത്തമൻ
31. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലിൽ
32. ശ്രീ. വർക്കല രാധാകൃഷ്ണൻ
33. ,, കാനം രാജേന്ദ്രൻ
34. ,, കെ. ശങ്കരനാരായണപിള്ള
35. ,, എ. കെ. ശശീന്ദ്രൻ
36. ,, വി. ജെ. തങ്കപ്പൻ
37. ,, എസ്. ആർ. തങ്കരാജ്
38. ,, പി. സി. തോമസ് (കടുത്തുരുത്തി)
39. ,, ആർ. എസ്. ഉണ്ണി
40. ,, ജി. വരദൻ
41. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—40

1. ശ്രീ. പി. എം. അബുബേക്കർ
2. ,, ഇ. അഹമ്മദ്
3. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
4. ,, കെ. അവുക്കാദർകുട്ടിനഹ
5. ,, പി. കെ. കെ. ബാവ
6. ,, വി. ദിനകരൻ
7. ,, എ. ജോർജ്ജ്
8. ,, പി. സി. ജോർജ്ജ്
9. ,, കെ. എം. ഹംസക്കുഞ്ഞ്
10. ,, എം. എം. ഹസ്സൻ
11. ,, എ. പി. എം. ഇസ്ഹാക്ക്
12. ശ്രീ. എ. എൽ. ജേക്കബ്ബ്
13. ,, ടി. എസ്. ജോൺ
14. ,, എ. സി. ജോസ്
15. ,, ജോസ് കുറിയാനി
16. ,, കെ. കെ. നായർ
17. ,, കെ. ജി. ആർ. കർത്താ
18. ,, പി. കെ. കുഞ്ഞാലിക്കുട്ടി
19. ,, മണിമംഗലത്തു കുട്ട്യാലി
20. ,, കെ. പി. എ. മജീദ്
21. ,, ഇ. ടി. മുഹമ്മദ് ബഷീർ
22. ,, പി. എ. മുഹമ്മദ്കണ്ണ്
23. ,, പി. വി. മുഹമ്മദ്

കുറിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

24.	ശ്രീ.	കെ.എസ്. നാരായണൻ നമ്പൂതിരി	33.	ശ്രീ.	നാലകത്തു സൂപ്പി
25.	,,	കെ. പി. നൂറുദ്ദീൻ	34.	,,	കോട്ടക്കുഴി സുകുമാരൻ
26.	,,	ഉമ്മൻചാണ്ടി	35.	,,	വി. സുരേന്ദ്രൻപിള്ള
27.	,,	കെ. രാഘവൻ മാസ്റ്റർ	36.	,,	കെ. കെ. തോമസ്
28.	,,	രാഘവൻ പൊഴക്കടവിൽ	27.	,,	പി. സി. തോമസ് (തിരുവല്ല)
29.	,,	കെ. പി. രാമൻ	38.	,,	തോമസ് കല്ലംപള്ളി
30.	,,	തോപ്പിൽ രവി	39.	,,	ടി. വി. വിജയരാജൻ
31.	,,	എൻ. ശങ്കരൻനാടാർ	40.	,,	സീറോഫൻ പാദുവ
32.	,,	പി. സീതിഹാജി			

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ—41

പ്രതികൂലിക്കുന്നവർ—40

നിഷ്പക്ഷർ—ആരുമില്ല

ഭേദഗതി സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഒരു കാര്യം അറിയിക്കാനുണ്ട്. 40-ാം നമ്പർ ഭേദഗതി സ്വീകരിച്ചിരിക്കുകയാണല്ലോ. ബില്ലിൽ പറഞ്ഞിട്ടുള്ളത് ഡിസ്ട്രിക്ട് കളക്ടറുടെ ഡിസിഷൻ ഫൈനലായിരിക്കുമെന്നാണ്. അത് എടുത്തുകളഞ്ഞിരിക്കുന്നു. അത് എടുത്തുകളഞ്ഞാൽ പിന്നെ വരുന്നത് ഗവൺമെന്റിനു അപ്പീൽ കൊടുക്കണമെന്നുള്ളതാണ്. അങ്ങനെയുള്ളതായ 42-ാം ഭേദഗതി സ്വമേധയാ സ്വീകരിച്ച് എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയേണ്ടതായി വരും. അതല്ലെങ്കിൽ ഡിസ്ട്രിക്ട് കളക്ടറുടെ ഡിസിഷൻ ആകാശത്ത് നിൽക്കും.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്ററുടെ 42-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

4-ാം വകുപ്പ്

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഞാൻ താഴെ കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

In section 19 of the Principal Act proposed to be amended by clause 4, in sub-clauses (a) and (b) for the words "District Collector" the words "District Collector or the Government as the case may be" shall be substituted.

The amendment proposed to section 19 of the principal Act by sub clause (c) and (d) of clause 4 shall be omitted.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിലെ ഭേദഗതി വളരെ സിമ്പിൾ ആണ്. ഡിസ്ട്രിക്ട് കളക്ടറുടേതു മാത്രമായി ഫൈനലായില്ല എന്നു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് കളക്ടർ എന്നു മാത്രം ഭേദഗതി ചെയ്താൽ പോരാ, കളക്ടറോ, ഗവൺമെന്റോ, ഏതാണ് വരുന്നത് അത് എന്നു മാത്രമേ ഭേദഗതിയുള്ളൂ. അത് അംഗീകരിക്കാവുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

5-ാം വകുപ്പ്

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

46. In the amendment proposed to section 20 of the Principal Act by clause 5, for the words "District Collector" appearing in items (i), (ii) and (iii) the words "the District Collector or the Government as the case may be" shall be substituted.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In seetion 20 of the principal Act proposed to be amended by clause 5, for the words "District Collector" wherever they appear the words "District Judge" shall be substituted.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച 47-ാം ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

6-ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സാർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "In section 24 of the principal Act proposed to be amended by clause 6, for the words "District Collector" substituted the words "District Judge".

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പു ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

7-ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. In clause 7 for the words "District Collector" wherever they appear the words "District Judge" shall be substituted.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ്

8-ാം വകുപ്പു ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

8-ാം വകുപ്പു ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, ഈ ബില്ല് പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ മൂലനിയമം ബില്ലായി ഇവിടെ അവതരിപ്പിച്ചു പൈലറ്റ് ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് ഓർക്കുന്നു. അദ്ദേഹം അന്ന് പറയുകയുണ്ടായി മെക്കനൈസ്ഡ് ബോട്ടിനെക്കൊണ്ട് നാടൻബോട്ടുകാർക്കുള്ള ഉപദ്രവങ്ങൾ തീർക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന്. ഈ മൂല നിയമം ഇത്രകാലം ഇവിടെ നടപ്പാക്കിയിട്ടും. നാടൻബോട്ടുകാർക്കും യമഹ എൻജിൻ ഘടിപ്പിച്ചിട്ടുള്ള മാറ് ബോട്ടുകാർക്കും ഈ പുള്ളിമെക്കനൈസ്ഡ് ബോട്ടുകളിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ നീക്കം ചെയ്യാൻ സാധിച്ചിട്ടില്ലെന്നുള്ള കാരണത്താൽ ഈ മൂലനിയമം ദോഷമാണെന്ന് ഞാൻ കരുതുന്നില്ല. ഇതിന്റെ ഇംപ്ലിമെന്റേഷനിൽ ഗവൺമെന്റ് സീരിയസ്സല്ല. ഗവൺമെന്റ് സീരിയസ്സല്ലാതെ വരാനുള്ള കാരണം പല സമ്മർദ്ദങ്ങളും വന്നിരുന്നു എന്നതുകൊണ്ടാണ്. ആ സമ്മർദ്ദങ്ങൾ ഉദ്യോഗസ്ഥൻമാരിൽ വ്യാപിക്കുക കാരണം വേണ്ട നടപടി ഒന്നുംതന്നെ ഉദ്യോഗസ്ഥൻമാർ എടുക്കുന്നില്ലെന്നാണ് കാണാൻ സാധിക്കുന്നത്. ഈ ഭേദഗതി നിയമത്തിലേക്ക് കടക്കുകയാണെങ്കിൽ എത്രാണ്ടോരു അനിശ്ചിതത്വ മനോഭാവമാണ് ഗവൺമെന്റ് കാണിക്കുന്നതെന്ന് കാണാം. ഇത് ആദ്യം ഓർഡിനൻസായിട്ട് പ്രഖ്യാപിക്കുമ്പോൾ അപ്പലേറ്റ് ബോർഡായിരുന്നു. ആ അപ്പലേറ്റ് ബോർഡിൽ ഒരു ഡിസ്ട്രിക്റ്റ് ജഡ്ജിയും രണ്ട് അംഗങ്ങളും ഉണ്ടായിരുന്നു. അത് കഴിഞ്ഞിട്ട് പിന്നീട് ഒരു തവണ ഓർഡിനൻസായിട്ട് പ്രഖ്യാപിച്ചപ്പോൾ ആ ഓർഡിനൻസിൽ പിന്നെയും വ്യത്യാസം കൊണ്ടുവന്നു. ഈ അപ്പലേറ്റ് ബോർഡ് എന്നുള്ളത് അപ്പലേറ്റ് കോർട്ടാക്കി മാറ്റി. ഡിസ്ട്രിക്റ്റ് കോർട്ടിന് അധികാരം കൊടുത്തു. ഗവൺമെന്റ് മനസ്സിലാക്കിയോ ഇല്ലയോ എന്ന് എനിക്കറിയില്ല, ഡിസ്ട്രിക്റ്റ് കോടതിക്ക് അധികാരം കൊടുത്താൽപ്പിന്നെ ഹൈക്കോടതിക്കും അധികാരമായി. സിവിൽ നടപടി നിയമം 155-ാം ചട്ട പ്രകാരം ഡിസ്ട്രിക്റ്റ് കോടതിയുടെ എല്ലാ കൽപ്പനകൾക്കും ഹൈക്കോടതിയിൽ റിവിഷനുണ്ട്. അത് പ്രത്യേകം പറയേണ്ട കാര്യമില്ല. അങ്ങനെ ഡിസ്ട്രിക്റ്റ് കോടതി പിന്നീട് വന്നു. ഇപ്പോൾ പറയുന്നു ഡിസ്ട്രിക്റ്റ് കോടതിയായാലും കാലതാമസമുണ്ടാകും എന്ന്. അപ്പീലുകളെല്ലാം വളരെ വേഗത്തിൽ തീർക്കാൻവേണ്ടി മെക്കനൈസ്ഡ് ബോട്ടുകാരെ ഇതിന്റെ അപ്പീൽ ഫോറത്തിൽ ബന്ധപ്പെടുത്തുന്നത് ഇല്ലാതാക്കുവാൻവേണ്ടി, കാലതാമസമുണ്ടാക്കുന്നത് ഇല്ലാതാക്കുവാൻവേണ്ടി ഈ ഡിസ്ട്രിക്റ്റ് കോടതിയെന്നുള്ളത് മാറ്റി ഡിസ്ട്രിക്റ്റ് കളക്ടർക്ക് കൊടുക്കുകയാണ്. എങ്ങനെയാണ് ഈ മെക്കനൈസ്ഡ് ബോട്ടുകാർ ഡിസ്ട്രിക്റ്റ് കോടതിയുമായി ബന്ധപ്പെടുകയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ വളരെയധികം അഭിമാനത്തോടുകൂടി പറയുകയാണ് നമ്മുടെ സംസ്ഥാനത്തെ ജില്ലാ ജഡ്ജിമാർവരെ ഉന്നത നിലവാരം പുലർത്തുന്ന വ്യക്തികളും ജില്ലാക്കോടതികളും

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഉന്നതനിലവാരം പുലർത്തുന്ന കോടതികളുമാണ് എന്ന്. ഇന്നുവരെ സംസ്ഥാനത്തെ ജില്ലാ ജഡ്ജിമാരെയോ ജില്ലാ കോടതിയേയോപ്പറ്റി ഒരു ആരോപണവും ഉണ്ടായിട്ടില്ലെന്ന മാത്രമല്ല എന്റെ അറിവിൽപ്പെട്ടിടത്തോളം ഒരാളും നിലവിലിരിക്കുന്ന കേസ്സുകളെ സംബന്ധിച്ച് ഒരു ജില്ലാ ജഡ്ജിയോട് ബന്ധപ്പെടുവാൻ ഇതുവരെയും കാര്യമായിട്ട് പരിശ്രമിച്ചിട്ടുമില്ല. എന്തായാലും ഇന്ന് അത് ജില്ലാകളക്ടർ എന്നാക്കി മാറ്റുകയാണ്. ജില്ലാ കളക്ടറെന്ന് മാറ്റുകയാണെങ്കിൽ ജില്ലാകളക്ടറുമായി ബന്ധപ്പെടുവാൻ സാധിക്കുകയില്ലേ ? ഗവൺമെൻറിന്റെ സമ്മർദ്ദം ആവശ്യമുണ്ടോ ? ഇന്നത്തെ ബഹുഭൂരിപക്ഷം ജില്ലാകളക്ടർമാരെയും സമ്മർദ്ദത്തിനു വിധേയരാക്കുവാൻ മുഖ്യമന്ത്രിമാരുടേയോ മന്ത്രിമാരുടേയോ സഹായം ആവശ്യമില്ല. മെക്കനൈസ്ഡ് ബോട്ടുടമകളായിട്ടുള്ള വൻകിടക്കാർക്ക് ജില്ലാകളക്ടർമാരുമായി ബന്ധപ്പെടുവാൻ വളരെയധികം സൗകര്യങ്ങളുണ്ട്. ഞാൻ ഈ സംസ്ഥാനത്തെ ജില്ലാകളക്ടർമാരെ തരം താഴ്ത്തുകയല്ല. എനിക്കറിയാം വളരെയധികം നല്ല നിലവാരം പുലർത്തുന്ന ജില്ലാകളക്ടർമാരുമുണ്ട്. പക്ഷെ അവർ എത്രതന്നെ നല്ല നിലവാരം പുലർത്താൻ ശ്രമിച്ചാലും സമ്മർദ്ദങ്ങൾക്ക് വിധേയരാകേണ്ടി വരും. ആ നിലയ്ക്ക് ജില്ലാകളക്ടർമാർ സ്തുത്യർഹമായ വിധത്തിൽ ന്യായം പരിപാലിക്കുമെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല. രണ്ടാമത്തെ കാരണമായി ഇതിൽ പറഞ്ഞിരിക്കുന്നത് കാലതാമസം ഒഴിവാക്കാൻവേണ്ടിയാണ് ജില്ലാ കളക്ടർക്ക് കൊടുക്കുന്നതെന്നാണ്. ഈ സംസ്ഥാനത്തെയെന്നല്ല ഇൻഡ്യയിലെത്തന്നെ ജില്ലാകളക്ടർമാർ പൊതുവെ തീരെ സമയമില്ലാത്ത ഉദ്യോഗസ്ഥൻമാരായിട്ട് മാറിയിരിക്കുകയാണ്. ആയിരംകൂട്ടം സംഗതികൾ ഒരു ദിവസം അവർക്ക് ചെയ്തുതീർക്കാനായിട്ടുണ്ട്. അതിനിടയിൽ ഈ അപ്പീൽ ഹിയർ ചെയ്യുകയെന്ന പണികൂടി അവർക്ക് കൊടുക്കുകയാണെങ്കിൽ വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകും. ഇത് തീർച്ചയായും കാലതാമസമുണ്ടാക്കുമെന്നുള്ളതിൽ സംശയമില്ല.

മൂന്നാമതായി പറയുവാനായിട്ടുള്ളത് ഇവിടെ നടന്ന ഭേദഗതികളെപ്പറ്റിയാണ്. ഇവിടെ ബഹുമാനപ്പെട്ട കാനം രാജേന്ദ്രന്റെ ഭേദഗതി സ്വീകരിച്ച പ്പോൾ ജില്ലാകളക്ടർക്ക് പിഴ ലെവി ചെയ്യാനായിട്ടുള്ള ചില അധികാരങ്ങൾ ചില സന്ദർഭങ്ങളിൽ പ്രത്യേകമായി കൊടുത്തിരിക്കുകയാണ്. ഇത് ബില്ലിന്റെ ഭാഗമായിത്തീർന്നിരിക്കുന്നതിനാൽ അത് നടപ്പാക്കേണ്ടിവരും. പക്ഷെ ബഹുമാനപ്പെട്ട ടി. പി. പീതാംബരൻ മാസ്റ്ററുടെ രണ്ടാമത്തെ ഭേദഗതിയിൽ ജില്ലാകളക്ടറുടെ തീരുമാനം ഫൈനലായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ജില്ലാകളക്ടറുടെ തീരുമാനം ഫൈനലാണെന്ന ഭാഗം എടുത്തുകളഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട ടി. പി. പീതാംബരൻ മാസ്റ്റർ അതിന്റെ കോൺസീക്വൻഷ്യലായിട്ട് ഒരു ഭേദഗതി കൊണ്ടുവന്നു. അതിൽ ഫൈനലല്ലാതായിത്തീർന്നാൽ ഗവൺമെൻറിലേക്ക് അപ്പീലുണ്ട്. അത് സ്വീകരിച്ചിട്ടില്ല അത് ഫൈനലുമല്ല, അപ്പീലുണ്ട് എന്നുള്ളതായിട്ടുള്ള ഭാഗം സ്വീകരിച്ചിട്ടുമില്ല. അതുകൊണ്ട് എവിടെയാണ് ഈ നിയമം നിൽക്കുന്നതെന്ന് അന്വേഷിക്കാൻ പ്രയാസമായിട്ടുതീരും. ഈ ബില്ല് 3-ാം വായനയിൽ ഈ നിലയിലായിത്തീർന്നതിനാൽ ഇത് പിൻവലിക്കുകയല്ലേ നല്ലതെന്ന് ബഹുമാനപ്പെട്ട മന്ത്രി സീരിയസ്സായിട്ട് ആലോചിക്കണം. അങ്ങനെ പിൻവലിച്ചാൽ അഭിമാനപ്രശ്നമൊന്നുമില്ല. അദ്ദേഹത്തിന്റെ കൂട്ടുകാർക്ക് മുഖ്യമന്ത്രി ഉൾപ്പെടെ ചീഫ്വിപ്പ് ഉൾപ്പെടെയുള്ളവർക്ക് ഈ സഭയിൽ ഹാജരാകാൻ സമയമില്ലെന്ന് വരികയാണെങ്കിൽ അത് വിഷമമല്ലേ ? ഇന്നലെ മാത്രമാണ് രാജ്യസഭയിൽ ഒരു ഡെപ്യൂട്ടി മന്ത്രിയെ റിപ്പോർട്ട് അവതരിപ്പിക്കാൻ വിളിച്ചപ്പോൾ അദ്ദേഹം സീറ്റിലില്ലാതിരുന്നതിനാൽ കോൺഗ്രസ് അംഗങ്ങളുൾപ്പെടെയുള്ള മുഴുവൻ രാജ്യസഭാംഗങ്ങളും ശക്തിയായി അമർഷം പ്രകടിപ്പിച്ചത്. ഇത് പത്രങ്ങളിൽ വന്നതാണ്. ഞാൻ ആ ഡെപ്യൂട്ടി മന്ത്രിയുടെ പേര്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. അപ്പോഴും ഇത്ര നിരുത്തരവാദപരമായി പെരുമാറുന്ന സ്ഥിതി വിശേഷമായി. ഇവർ ഇത് മറന്നുകഴിഞ്ഞു. ഇവിടെ മന്ത്രിസഭ വേണ്ടെന്നു വച്ച് വീടുകളിൽ കയറിയിറങ്ങി കാൻവാസ് സിംഗ് നടത്തുകയാണോയെന്ന് ഞാൻ സംശയിക്കുന്നു. ഏതായാലും ഇത്തരം ഒരു സ്ഥിതിവിശേഷം നിയമസഭയ്ക്ക് ഭൂഷണമല്ല. മന്ത്രിസഭയ്ക്ക് ഭൂഷണമല്ല. ശ്രീ. എ. എൽ. ജേക്കബ്ബിനെ അങ്ങേയറ്റം അപമാനിക്കുകയും അവഹേളിക്കുകയും ചെയ്തിരിക്കുകയാണ്. ഞങ്ങളുടെ അനുഭാവം 100 ശതമാനവും അദ്ദേഹത്തിന്റെ കൂടെയുണ്ടെന്ന് പറഞ്ഞുകൊണ്ട് ഈ മൂന്നാം വായനയിൽ ഈ ബില്ല് പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. വി. ദിനകരൻ: സർ, അപ്പലേറ്റ് ബോർഡിനുപകരം ജില്ലാ കളക്ടറെ അപ്പീൽ കേൾക്കാൻ അധികാരപ്പെടുത്തുന്ന ഒരു ഭേദഗതിയാണ് പ്രധാനമായിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. കളക്ടറെ സ്വാധീനം ചെലുത്തുവാൻ ഇതുമൂലം ബോട്ട് മുതലാളിമാർക്ക് സാധിക്കുമെന്നാണ് അപ്പുറത്തുനിന്നും സംസാരിച്ച പലരും പറഞ്ഞത്. ബോട്ടു മുതലാളിമാർക്ക് സ്വാധീനിക്കാൻ കഴിയുമെന്നതിനെക്കാൾ ഉപരിയായിട്ട് നീതിക്കുവേണ്ടി സമ്മർദ്ദം ചെലുത്തുവാൻ മൽസ്യത്തൊഴിലാളികൾക്കും അവരുടെ സംഘടനകൾക്കും സാധിക്കുമെന്നും അതുകൊണ്ട് പഴയ മൽസ്യത്തൊഴിലാളിയല്ല ഇന്നുള്ളതെന്നും അപ്പുറത്തുള്ളവർ മനസ്സിലാക്കണം എന്നാണ് എനിക്ക് ആദ്യമേ അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഈ ബിൽ 1980-ലാണ് ആദ്യമായി പൈലറ്റ് ചെയ്തത്. അന്ന് ആ ബില്ലിൽ വളരെയേറെ അപാകതകൾ ഉണ്ടായിരുന്നതുകൊണ്ടുമാത്രമാണ് രണ്ട് ഭേദഗതികൾ ഈ ബില്ലിൽ വരുത്തേണ്ടിവന്നത്. 1980-ൽ കൊണ്ടുവന്ന ബില്ലിൽ പാരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്ന വിധത്തിലുള്ള ക്ലാസ്സുകൾ ഇല്ലായിരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ബോട്ടുടമകളുടെ താൽപ്പര്യം സംരക്ഷിക്കത്തക്കവിധത്തിലുള്ള പഴുതുകൾ മാത്രമായിരുന്നു ആ ബില്ലിൽ ഉണ്ടായിരുന്നത്. അതിനുശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് പൈലറ്റ് ചെയ്തത് അതിൽ പ്രധാനപ്പെട്ട ഭേദഗതികൾ കൊണ്ടുവന്നത്. പാരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഇതിൽ ഭേദഗതികൾ എഴുതിച്ചേർത്തത്. ഇന്ന് ബോട്ടുകൾ പരിധി ലംഘിച്ചാൽ 25,000 രൂപ മുതൽ 50,000 രൂപ വരെ പിഴശിക്ഷ ഈടാക്കാമെന്നും ആ ബോട്ടിലുള്ള മൽസ്യത്തിന്റെ വിലയുടെ അഞ്ചിരട്ടി പിഴയായി ഈടാക്കാമെന്നും പറയുകയുണ്ടായി. പ്രധാനപ്പെട്ട ഒരു ഭേദഗതിയാണിത്. അതിലുപരിയായിട്ട് രണ്ടാമത്തെ പ്രാവശ്യവും പരിധി ലംഘിച്ചുകഴിഞ്ഞാൽ ആ ബോട്ടുതന്നെ കണ്ടുകെട്ടാൻ വ്യക്തമായി ഈ നിയമത്തിൽ എഴുതിച്ചേർത്തിട്ടുണ്ട്. ഇത് ഈ രാജ്യത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് പൂർണ്ണമായും അംഗീകാരം കൊടുക്കുന്ന ഒരു ഭേദഗതിയാണ് കഴിഞ്ഞ അമെൻറുമെൻറിലൂടെ മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതോടൊപ്പംതന്നെ ചില സംശയങ്ങൾ ഇവിടെ പറഞ്ഞു. ലൈസൻസ് എടുക്കാത്ത ബോട്ടുകൾക്കുപോലും പിഴ ബാധകമായിരിക്കുകയാണ്. ബോട്ടുകളിൽ രാത്രികാലങ്ങളിൽ ഫിഷിംഗ് പാടില്ല. രാത്രികാലങ്ങളിൽ ഫിഷിംഗ് നടത്തുന്ന ബോട്ടുകൾക്കും ഇത് ബാധകമായിരിക്കുകയാണ്. ആ നിലയിൽ മൂലനിയമത്തിൽനിന്നും വ്യത്യസ്തമായിട്ട്.....

Shri R. S. Unni: The discussion on a motion that the Bill be passed shall be confined to arguments either in support of the Bill or for the rejection of the Bill. In making his speech, a member shall not refer to the details of the Bill further than is necessary for the purpose of his arguments which shall be of a general character.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിനെ സപ്പോർട്ട് ചെയ്യുകയാണോ റിജക്ട് ചെയ്യുകയാണോ എന്നറിഞ്ഞുകൂടാ.

ശ്രീ. വി. ദിനകരൻ : സർ, ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ സപ്പോർട്ട് ചെയ്തുകൊണ്ടുതന്നെയ ണ് സംസാരിക്കുന്നത്. ആ ബിൽ സപ്പോർട്ട് ചെയ്യുന്ന അവസരത്തിൽ മൂല ബില്ലിൽ വന്ന അപാകതയെക്കുറിച്ചും അതിനുശേഷം ഈ ഗവൺമെൻറ് കൊണ്ടുവന്ന ഭേഗതിയെക്കുറിച്ചും പറയാനുള്ള ബാദ്ധ്യത എനിക്കുണ്ട്. അതുകൊണ്ട് ഞാൻ അക്കാര്യം സൂചിപ്പിച്ചുവെന്നേയുള്ളൂ. 1980-ൽ കൊണ്ടുവന്ന ബിൽ മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ പര്യാപ്തമായിരുന്നില്ല. മുഖ്യമന്ത്രി ഈ ബില്ലിൽ ഭേഗതി കൊണ്ടുവന്നു. ആ ഭേഗതിയിലാണ് പറഞ്ഞത് 25,000 രൂപ മുതൽ 50,000 രൂപ വരെ ശിക്ഷിക്കാമെന്നും രണ്ടാമത് പ്രാവശ്യം പരിധി ലംഘിച്ചാൽ ബോട്ട് പിടിച്ചെടുക്കാമെന്നും.

മി. സ്പീക്കർ : മി. ദിനകരൻ, ഇവിടെ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡർ പ്രസക്തമാണ്. അതുകൊണ്ട്....

ശ്രീ. ബേബി ജോൺ : Rule 91 (2) :—Where the Bill has undergone amendments any member may object to any motion being made, on the same day, that the Bill be passed, and such objection shall prevail, unless the Speaker in his discretion allows the motion to be made. സർ, ഇവിടെ അമെൻറുമെൻറ്സ് കൊണ്ടുവന്ന് അവതരിപ്പിച്ച ബില്ലിൽനിന്നും വളരെ വ്യത്യസ്തമായി വികൃതം എന്ന് ഞാൻ പറയുന്നില്ല വളരെ അടിസ്ഥാന പരമായ മാറ്റം വന്നിരിക്കുന്ന ഒരു ഭേഗതി ഇവിടെ കൊണ്ടുവന്നിരിക്കുന്നു. അത് ഉടനെ പാസ്സാക്കണമെന്ന് പറയുന്നത് ഓർഡറിലല്ല അങ്ങയുടെ ഡിസ്ക്രിഷനാണ്. അങ്ങ് ആ ഡിസ്ക്രിഷൻ ഉപയോഗിക്കണം. കാരണം ഈ നിയമം ഇങ്ങനെ പാസ്സാക്കിയാൽ വളരെ മോശമായിരിക്കും. അതുകൊണ്ട് അങ്ങയുടെ ഡിസ്ക്രിഷൻ ഉപയോഗിച്ച് ഇപ്പോഴ ഇത് മാറ്റിവയ്ക്കുകയും ആവശ്യമായ ഭേഗതികളോടുകൂടി ഗവൺമെൻറിന് വീണ്ടും കൊണ്ടുവന്ന് പാസ്സാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതായിരിക്കും നമ്മുടെ സഭയുടെ അന്തസ്. അതുകൊണ്ട് ഇത് സഭാനേതാവും സമ്മതിക്കുമെന്നാണ് ഞാൻ കരുതുന്നത്.

മി. സ്പീക്കർ : മോഷൻ മൂവ് ചെയ്തുകഴിഞ്ഞു. ചെയർ അനുവദിക്കുകയും ചെയ്തു. അതിനെക്കുറിച്ചുള്ള ചർച്ച വന്നിരിക്കുകയാണ്.

ശ്രീ. ബേബി ജോൺ : സർ, ഗവൺമെൻറിന്റെ ഭാഗത്തുനിന്നുമാണ് ആലോചിക്കേണ്ടത്. ഇത് മൂവ് ചെയ്തുവെങ്കിൽത്തന്നെയും സഭാനേതാവ് ഇത് ആലോചിക്കണം. ഈ മൂന്നാം വായനയിൽ ഈ ബിൽ ഇങ്ങനെ പാസ്സാക്കിയാൽ നമുക്കൊക്കെ മോശമാണ്. ആരെയും കുറ്റപ്പെടുത്തുകയോ ആക്ഷേപിക്കുകയോ അല്ല.

ശ്രീ. എ. സി. ജോസ് : Rule 93 : When a Bill is passed by the Assembly, the Speaker shall have power to correct patent errors and make such changes in the Bill as are consequential on the amendments accepted by the Assembly. Patent errors മാറ്റുന്നതിനുള്ള അധികാരം സ്പീക്കർക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങ് ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ ഇവിടെ പ്രസക്തമല്ല. കാരണം ഇതിൽ എന്തെങ്കിലും നേരിയ തോതിലുള്ള അർത്ഥ വ്യത്യാസമുള്ള പിശകുകളോ അക്ഷരത്തെറ്റോ മറ്റോ വന്നാൽ കറക്ട് ചെയ്യാം എന്നല്ലാതെ സഭ ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ അത് കറക്ട് ചെയ്യാനുള്ള അധികാരം സ്പീക്കർക്കു് ഇല്ല.

ശ്രീ. എ. സി. ജോസ് : സർ, അങ്ങനെയല്ല പറഞ്ഞിരിക്കുന്നത് consequential on the amendments accepted by the Assembly ബഹുമാനപ്പെട്ട ചെയറിൽനിന്നും ഒരു റൂളിംഗിനു് വേണ്ടിയിട്ട് പറഞ്ഞതല്ല. ഞാൻ ബഹുമാനപ്പെട്ട ബേബിജോൺ ഉന്നയിച്ച ഒരു പ്രശ്നത്തെക്കുറിച്ച് പറഞ്ഞുവെന്നേയുള്ളു. ബില്ലുകൾ പാസ്സാക്കാൻവേണ്ടി ചർച്ച നടത്തുമ്പോൾ ചിലപ്പോഴെല്ലാം തെറ്റുകളും അബദ്ധങ്ങളും വന്നുകൂടാൻ വഴിയുണ്ട്. അത് മാറ്റുന്നതിനുള്ള മാർഗ്ഗങ്ങളും നമ്മുടെ നിയമത്തിൽ ഉണ്ടെന്നാണ് പറഞ്ഞത്. ഇപ്പോൾ ഒരു റൂളിംഗിനുവേണ്ടി പറഞ്ഞതല്ല.

മി. സ്പീക്കർ : No, There is no point of order.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, തേഡ് റീഡിംഗിനുമുമ്പ് സഭാനേതാവിനു് പറയാമായിരുന്നു. അങ്ങയോട് അപേക്ഷിച്ച് അല്പ സമയം സഭതന്നെ നിർത്തിവച്ചിട്ട് ആവശ്യമായ തിരുത്തലുകൾക്ക് സമയം കണ്ടെത്താമായിരുന്നു. അത് മൂന്നാംവായനയ്ക്കുമുമ്പ് വേണമായിരുന്നു. അത് ചെയ്യാത്തതുകൊണ്ട് ഇപ്പോൾ പ്രസക്തമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഒരു ബില്ലിന്റെ സെക്കൻറ് റീഡിംഗ് കഴിഞ്ഞു തേർഡ് റീഡിംഗിലേക്ക് കടന്നിരിക്കുകയാണ്. സെക്കൻറ് റീഡിംഗ് പൂർത്തിയായിരിക്കുന്നു. സെക്കൻറ് റീഡിംഗിന്റെ സമയത്ത് ക്ലാസ് ബൈ ക്ലാസ് സായിട്ടുള്ള ഭേദഗതിയിൽ ഇവിടെ സഭ അഡോപ്റ്റ് ചെയ്ത ഭേദഗതി നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് തേഡ് റീഡിംഗ് നടത്തി ഒരു ബിൽ നിയമമാക്കാൻ പാടില്ലെന്ന് ഒരിടത്തും വ്യവസ്ഥയില്ല. തേഡ് റീഡിംഗ് പൂർത്തിയാക്കി ബിൽ ഫൈനലായിട്ട് പാസ്സാക്കികഴിഞ്ഞാൽ ആവശ്യമായ ഭേദഗതി വേണമെങ്കിൽ മറ്റൊരു രൂപത്തിൽ ഗവൺമെൻറിനു് കൊണ്ടുവരാവുന്നതാണ്. അതുകൊണ്ട് ബില്ലിന്റെ ഡിസ്കഷൻ നടത്തുന്നതിനു് യാതൊരു കുഴപ്പവുമില്ല. നടപടി ചട്ടങ്ങൾക്ക് വിധേയമായിട്ടുള്ള കാര്യം തന്നെയാണ്.

ശ്രീ. ബേബി ജോൺ : സർ, ഈ ഭേദഗതികൾ പിന്നെ വേണമെങ്കിലും കൊണ്ടുവരാം, ഈ സഭയ്ക്ക് ബോദ്ധ്യപ്പെട്ടു കഴിഞ്ഞാൽ. അറിയാതെ വരുന്ന തെറ്റുകളുണ്ട്. ഇവിടെ അറിഞ്ഞിരിക്കുന്നു. സഭ മനസ്സിലാക്കിയിരിക്കുന്നു. ഇത് വളരെ മോശമാണ്. സഭാനേതാവ് തന്നെയാണ് ഇത് വോളൻററി ചെയ്യേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു അപ്പലേറ്റ് പവർ ഇല്ലെങ്കിലും ഈ നിയമത്തിന്റെ നടത്തിപ്പിനു് തടസ്സമൊന്നുമില്ല. അപ്പീൽ പ്രൊവിഷൻ വേണമോ എന്നുള്ള കാര്യമാണിവിടെ. അപ്പീൽ പ്രൊവിഷൻ ഉണ്ടെങ്കിൽ ഏതാണെന്നുള്ള കാര്യം അപ്പീൽ പ്രൊവിഷൻ ഇല്ലെങ്കിൽ ഈ ആക്ട് അനുശാസിച്ച് കാര്യങ്ങൾ നടത്തുവാൻ ബുദ്ധിമുട്ടാവുകയില്ല. ആവശ്യമായി വരികയാണെങ്കിൽ പുതിയ ഭേദഗതിയുമായിട്ട് വരും.

ശ്രീ. ഇ. കെ. നായനാർ : സർ, ഇവിടെ രണ്ട് ഭേദഗതികൾ അംഗീകരിക്കേണ്ട സാഹചര്യം ഉണ്ടായി. ഭൂരിപക്ഷം ഭരണകക്ഷിക്കുള്ളപ്പോൾതന്നെ ഇത് സംഭവിച്ചു. ഭരണകക്ഷിയുടെ മുൻനിരയിൽ ശ്രീ. നഫീസാഹിബ്,

LIBRARY ARCHIVES Kerala Legislative Assembly

ഒഴികെ മറെറാരു മന്ത്രിയുമുണ്ടായിരുന്നില്ല. പാസ്സാക്കിയ രണ്ട് ഭേഗതികളിൽ തീർച്ചയായിട്ടും ഈ നിയമത്തിന്റെ അലകും പിടിയും മാറുന്ന ഒരു ഭേഗതിയാണ് രണ്ടാമത്തേത്. രണ്ടാമത്തെ ഭേഗതി അംഗീകരിച്ചതിനെ പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് അങ്ങനെയായാലും കുഴപ്പമില്ല എന്നാണ്. എന്നാൽപ്പിന്നെ ആ ഭേഗതി അംഗീകരിച്ചാൽ മതിയായിരുന്നു. ഈ തർക്കത്തിന്റെ പ്രശ്നമേയില്ല. അത് അംഗീകരിച്ചില്ല. അത് തള്ളാൻവേണ്ടിയാണ് വന്നത്. ഭൂരിപക്ഷം വോട്ട് ഇപ്പുറത്തുനിന്നും കിട്ടിയതുകൊണ്ടാണ് ഇത് പാസ്സായത്. ഇത്തരത്തിൽ നിരുത്തരവാദപരമായി ഭരണകക്ഷി പെരുമാറി. അടിസ്ഥാനപരമായി ഈ ബില്ലിൽ തന്നെ രണ്ട് വൈകല്യങ്ങളുണ്ട്.

ഒന്നാമതായി ഈ ബിൽ ജുഡീഷ്യറി അധികാരത്തെ എക്സിക്യൂട്ടീവിലേക്ക് മാററി കുറയ്ക്കുകയാണ്. മറെറാന്ന് മൂന്നംഗങ്ങളുള്ള ഒരു ബോഡിയിൽനിന്ന് ഒരാളിലേക്ക് അധികാരത്തെ മാററുന്നു; അതായത് ജില്ലാ കളക്ടറിലേക്ക്. അതാണിപ്പോൾ തെളിയുന്നത്. 1980-ലെ കേരള സമുദ്ര മൽസ്യബന്ധന ആക്ട് തന്നെ പലർക്കും ഇഷ്ടപ്പെട്ടിട്ടില്ല. 18 (1) വകുപ്പനുസരിച്ച് അഡ്ജുഡിക്കേറ്റിംഗ് ഓഫീസറുടെ ഉത്തരവിൻമേൽ അപ്പീൽ ബോധിപ്പിക്കുവാൻ മൂന്നംഗങ്ങളുള്ള ഒരു അപ്പലേറ്റ് ബോഡിയുണ്ടായിരുന്നു. ഈ മൂന്നംഗങ്ങളിൽ ഒരാൾ ഡിസ്ട്രിക്ട് ജഡ്ജിയോ, റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജിയോ ആയിരിക്കണമെന്നും അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കണമെന്നുള്ളതാണ് വ്യവസ്ഥ. ഇന്ന് എതിർക്കുവാൻവേണ്ടി ജഡ്ജിയെ സംബന്ധിച്ചിടത്തോളം പരാമർശങ്ങൾ ഇവിടെ വന്നില്ല. അവർ അഴിമതിക്കാരാണ്, സ്വാധീനങ്ങൾക്ക് വിധേയമാകുന്നവരാണ് എന്നൊക്കെയുള്ള ആരോപണങ്ങൾ ഒന്നും ഇവിടെ വന്നില്ല. കളക്ടർ തീർച്ചയായിട്ടും സ്വാധീനങ്ങൾക്ക് വിധേയനാകും. അദ്ദേഹം ചെറിയൊരു ഉദ്യോഗസ്ഥനാണ്. ഈ ബോർഡിന്റെ പ്രവർത്തനങ്ങളിൽ വൈകല്യങ്ങളുണ്ടെങ്കിൽ, അത് അപ്പീൽ കേസ്സുകളുടെ തീരുമാനത്തിൽ കാലതാമസം വരുത്തുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ ഭേഗതി ഈ നിയമത്തിൽ വരുത്തേണ്ടതാണ്. എന്നാൽ അതല്ല ഇവിടെ വരുത്തിയിരിക്കുന്നത്. ജുഡീഷ്യൽ ബോഡിയെ ആകെ നീക്കം ചെയ്ത് പകരം തൽസ്ഥാനത്ത് എക്സിക്യൂട്ടീവ് അധികാരിയെ സ്ഥാപിക്കുകയാണ് ചെയ്തത്. അതല്ല വേണ്ടത്. ഹൈക്കോടതിയിൽ കേസ്സുകളും കുന്നുകൂടി കിടക്കുന്നതുകൊണ്ടോ, കാലതാമസം വരുന്നതുകൊണ്ടോ ഹൈക്കോടതിക്ക് പകരം തൽസ്ഥാനത്ത് മറെറാന്നും പ്രതിഷ്ഠിക്കുന്നില്ലല്ലോ. ഇന്നുള്ള ജുഡീഷ്യറിക്കു തന്നെ കളങ്കം ചാർത്തുന്നുണ്ടെങ്കിലും എക്സിക്യൂട്ടീവിൽനിന്ന് സ്വതന്ത്രമാണെന്ന്, എക്സിക്യൂട്ടീവിനെ സ്വാധീനമാക്കാനും നിയന്ത്രിക്കാനും വിഷമമുള്ളതാണെന്നുമുള്ള ഒരു സങ്കല്പം ഇവിടെ അവശേഷിക്കുന്നില്ലല്ലോ.

ഇവിടെ ജില്ലാ കളക്ടർക്ക് അധികാരം കൈവരുമ്പോൾ....യന്ത്രവൽകൃത ബോട്ടുടമകൾ 1980-81 കാലഘട്ടങ്ങളിൽ 22 കിലോമീറർ ദൂരത്തിൽമാത്രമേ യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിക്കാൻ പാടുള്ളുവെന്നുണ്ടായിരുന്നു. അതിന് മുതലാളിമാർ അപ്പീൽ കൊടുത്ത സമയത്ത് അതിനെതിരായി വാദിക്കുവാൻ ഈ മന്ത്രിസഭ തയ്യാറായില്ല. അതിനുവേണ്ടി വക്കീലിനെയോ, ജഡ്ജിയെയോ വച്ചില്ല. അതിന്റെ ഫലമായിട്ട് പത്ത് കിലോമീറററാക്കി ദൂരം കുറച്ചു. അങ്ങനെ കടൽപ്പുറത്ത് സംഘട്ടനങ്ങൾ ഉണ്ടായി. സാധാരണ മൽസ്യത്തൊഴിലാളികളും യന്ത്രവൽകൃത ബോട്ടുകാരും തമ്മിലുള്ള സംഘട്ടനങ്ങളുണ്ടായി. ഈ ഗവണ്മെന്റിന്റെ നടപടിക്രമങ്ങൾ കൊണ്ടാണ് അങ്ങനെ കുഴപ്പങ്ങൾ മൂർച്ഛിച്ചത്, അന്ന് ഇതിനുവേണ്ടി സുപ്രീംകോടതിയിൽ വാദിക്കുവാൻ പോയില്ല. ഇത്തരത്തിലായിരുന്നു സംവേങ്ങൾ. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വെറുതെ വളച്ചൊടിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് ഈ ഭേദഗതികൂടി അംഗീകരിക്കുന്ന അവസരത്തിൽ ഒന്നുകിൽ ഈ നിയമം മാറിവയ്ക്കുകയാണ്, ദുർബ്ബലപ്പെടുത്തുകയാണ് നല്ലത്. അല്ലെങ്കിൽ പുതുതായി ഒരു നിയമം കൊണ്ടുവരികയാണ് വേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. വർക്കല രാധകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ ഭരണഘടനയനുസരിച്ച്, 303 സബ്ക്ലാസ് (1)-ൽ പറയുന്നത്, ഈ സഭ പാസ്സാക്കുന്ന ഏതു നിയമത്തിനും അപ്പീൽ പ്രൊവിഷനുണ്ടായിരിക്കണമെന്നാണ്. അപ്പീലിനു പോകാനുള്ള അവകാശം മൗലികാവകാശമാണ്. അതല്ലാതെ പാസ്സാക്കുന്ന നിയമം നിലനിൽക്കുകയില്ല. അതുകൊണ്ട് അപ്പീൽ പ്രൊവിഷനില്ലാതെ ഈ നിയമം പാസാക്കിക്കൂടാ, അത് ഓർഡറിലല്ല എന്ന് ബഹുമാനപ്പെട്ട പെയറിനെ അറിയിക്കുകയാണ്. ഇത് ക്രമപ്രകാരമാണോയെന്നുള്ള കാര്യം അങ്ങ് പരിശോധിക്കണം.
Without appeal provision there can be no Act.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ചില ഓർഡറുകളെ സംബന്ധിച്ചിടത്തോളം കളക്ടറായാലും ഡിസ്ട്രിക്ട് ജഡ്ജായാലും it shall be final എന്നു പറഞ്ഞാൽപോലും ഭരണഘടന 226 വകുപ്പനുസരിച്ച് ഹൈക്കോടതിയിൽ പോകാൻ അധികാരമുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അത് ഭരണഘടനയനുസരിച്ച് ഒരാളിനുള്ള മൗലികാവകാശമാണ്. 226-ാം വകുപ്പെന്നു പറയുന്നത്, ഒറിജിനൽ ജൂറിസ്ഡിക്ഷനിലുള്ളതാണ്. ഇവിടെ പാസാക്കിയിരുന്ന നിയമത്തിൽ ഒരു ഉത്തരവിൽ അഗ്രീവ്ഡായിട്ടുള്ള ഒരു സിറ്റിസൺ ഉണ്ടെങ്കിൽ അയാൾക്ക് അപ്പീൽ കൊടുക്കുവാനുള്ള യാതൊരു പ്രൊവിഷനും ഈ നിയമത്തിലില്ല. അതുകൊണ്ട് ഇത് ക്രമപ്രകാരമുള്ള ഒരു നിയമനിർമ്മാണനടപടിയല്ല.

മി. സ്പീക്കർ : ഭരണഘടനാ സാധുത തീരുമാനിക്കുന്നത് കോടതിയാണ്.

ശ്രീ. ബേബിജോൺ : മൂന്നാം വായനയിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് നിയമസഭയെയും അതിന്റെ പ്രവർത്തനങ്ങളേയും എത്രമാത്രം ഗൗരവത്തോടുകൂടി എടുക്കുന്നുവെന്നുള്ളതിന്റെ തെളിവാണ് ഇന്നിവിടെ കണ്ടത്. ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി ഭരണഘടന 226 അനുസരിച്ച് ഒരു ഉപദേശം നൽകി. അത് ഭരണഘടനാപരമായ അവകാശമാണ്. അതിന് താൽപ്പര്യമില്ല. ഇവിടെ വന്നിരിക്കുന്ന പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഈ ബില്ലിൽ പ്രൊവിഷനില്ലെന്നുള്ളതല്ല, ഫൈനൽ അതോറിട്ടിയെന്നുള്ളത് മാറ്റി മൂലനിയമത്തിൽ ആദ്യം ഒരു ബോർഡായിരുന്നു ഉണ്ടായിരുന്നത്. അത് കഴിഞ്ഞ് ജഡ്ജായി. ഇപ്പോൾ കളക്ടറാണ് അപ്പലെറ്റ് അതോറിട്ടി. 'ഫൈനൽ' എന്നുള്ള വാക്ക് ഡിലീറ്റു ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, അപ്പലെറ്റ് അതോറിട്ടിയില്ലെങ്കിലും നിയമനം നടത്താമെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്, അങ്ങ് ഈ നിയമം വായിച്ചുനോക്കിയോ ? ഈ ഭേദഗതി എന്താണെന്ന് മനസ്സിലാക്കിയോ ? എന്തെങ്കിലും ഒന്നു പറയണം. അല്ലെങ്കിൽ പിന്നെ ബഹുമാന്യനായ കരുണാകരൻ ഇത് പറയില്ലല്ലോ. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയേയും നിയമനിർമ്മാണ നടപടികളേയും വളരെ ഗൗരവമായി എടുക്കണം. നിയമം പാസ്സാക്കിയെടുത്താൽ അത് ഗൗരവപൂർവ്വം നടപ്പിലാക്കാൻ കഴിയണം. അതുകൊണ്ടാണ് പറഞ്ഞത്; ഇത് നിങ്ങളും ഗൗരവമായി എടുക്കുന്നില്ലെന്ന്. ഇത് വളരെ ഗൗരവമായി എടുത്തിരുന്നെങ്കിൽ ഈ ഭേദഗതിക്ക് നിങ്ങളും മാറ്റം വരുത്തുമായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ സഭയോടുള്ള ആദരക്കുറവുകൊണ്ടല്ല അങ്ങനെ സംഭവിച്ചത്. ഈ സഭയോട് യാതൊരു ബഹുമാനക്കുറവുമില്ല. ശ്രദ്ധക്ഷണികയിൽ കഴിഞ്ഞ്, സമയം വളരെ താമസിച്ചാണ് നമ്മളും ബില്ലിന്റെ ചർച്ചയിലേക്ക് കടന്നത്. പത്തുണ്ടു മണിക്ക് ആണ് സമയം ഫിക്സ് ചെയ്തിരുന്നത്. ഒന്നുരണ്ടു മിനിട്ടിന്റെ കുറവുകൊണ്ടുണ്ടായ ബുദ്ധിമുട്ടാണ്. ഞങ്ങളുടെ ഭാഗത്തു നിന്നു തെറ്റുണ്ടായിട്ടുണ്ടെന്നും ഞങ്ങളും സമ്മതിക്കുന്നു. ഇതിനെ ഗൗരവമായി എടുക്കാത്തതുകൊണ്ടല്ല. ഈ സഭയെയും ഞങ്ങളും വളരെ ഗൗരവമായിത്തന്നെ എടുക്കുന്നു. ഒരു ഒഫിഷ്യൽ ഫങ്ഷനുണ്ടായിരുന്നതുകൊണ്ട് അങ്ങനെ പോയിട്ട് ഇതിനുമുമ്പ് വരാമെന്നു കരുതിയിരുന്നു. ഏതായാലും ഇക്കാര്യം മനഃപൂർവ്വം ഈ സഭയെ അവഹേളിക്കാൻ വേണ്ടി ചെയ്തതല്ല. ഇത് സാധാരണ പറയാറുള്ള ഒരു തെറ്റാണ്. കുറെക്കൂടി കെയർഫുൾ ആയിരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. .....ബഹളം.....

ഇന്നത്തെ നിയമപ്രകാരം കളക്ടറാണ് ഡിസിഷനെടുക്കുന്നത്. കളക്ടർ ഡിസിഷനെടുത്തുകഴിഞ്ഞാൽ അത് ഫൈനലല്ല എന്നുള്ള പൊസിഷനാണ്. കളക്ടർക്ക് ഡിസിഷനെടുക്കുവാനുള്ള അധികാരം എടുത്തു കളഞ്ഞിട്ടില്ല. Collector can take dicission അതാണ് പറഞ്ഞത്, ഇനി ഇത് പ്രാവർത്തികമാക്കുന്ന അവസരത്തിൽ അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ടുകളും മനസ്സിലാക്കിക്കൊണ്ട് ആവശ്യമായ നടപടികളെടുക്കുന്നതാണ് എന്ന്.

1986 ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(2) 1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ : ഈ ഭേദഗതി കൊണ്ടുവന്നതിന്റെ പ്രധാന ഉദ്ദേശം കാപ്പികൃഷിക്കാരെ സഹായിക്കുക എന്നതാണ്. ഇത് ഗവൺമെന്റിന്റെ ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. 1-4-1984-നുമുമ്പ് സെയിൽസ്പോയിന്റിൽതന്നെ കൃഷിക്കാരിൽനിന്ന് നികുതി ചുമത്തപ്പെടുന്ന ഒരു ഉൽപ്പന്നമായിരുന്നു ഇത്. അതുകൊണ്ട് കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ ഉണ്ടെന്ന് നിരവധി നിവേദനങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. അതുകൊണ്ട് ഉൽപ്പാദകരിൽ നിന്ന് നികുതി പിരിക്കുന്നതിനു പകരം പർച്ചേസ് പോയിന്റിൽ വച്ച് തന്നെ നികുതി ഈടാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly